മലയാളനാട് വാരിക

മാനേജിംഗ് എഡിറ്റർ: എസ്. കെ. നായർ
ചീഫ് എഡിറ്റർ: പ്രേമാനായർ
എഡിറ്റർ: വി. ബി. സി. നായർ

താളുകൾ മറിക്കുമ്പോൾ

ലേഖനം:
കലിൽ ജിബ്രാന്റെ കണ്ണുകൾ
— പി. പി. കെ. പൊതുവാൾ 2
മെഡിക്കൽ എന്റിജിനിയറിംഗ്
— പി. ടി. ഭാസ്കരപ്പണിക്കർ 15
കലിൽ ജിബ്രാന്റെ കാമുകിയും, കണ്ണുകളും
— പി. പി. കെ. പൊതുവാൾ 28
ഞാൻകണ്ട കലമാൻകന്നു
— പി സുബ്രഹ്മണ്യപിള്ള 41
വിജയനു് ഒരിക്കലും പിഴച്ചിട്ടില്ല
— എം. തോമസ്മാത്യു 55
കവിത:
കാളിന്ദീഭേദനം
— പാലൂരു് 6
ഒരു മുത്തുകൂടി
— യു. ജയശ്രീ 50
കഥ:
മുതലശ്ശിക്കൊരു കണ്ണു്
— ജി. വിവേകാനന്ദൻ 10
വെളിച്ചമസ്തമിച്ച പകൽ
— എ. എം. പ്രസാദ് 18
മദ്ധൂഹ്നത്തിന്റെ കഥ
— സുകു 25
നഗരവൃത്തം
— മധുനാഥ് പലേരി 44
നോവൽ:
പിതാമഹൻ II
— വി. കെ. എൻ 21
അർച്ചന
— സാറാതോമസ് 31
സ്ഥിരം പംക്തികൾ:
സാഹിത്യവാരഫലം
— എം. കൃഷ്ണൻനായർ 36
കണ്ടതും കേൾക്കാത്തതും
— കാമ്പിശ്ശേരി 49
ഗ്രന്ഥനിരൂപണം
— വെണ്ണി വഃസുപിള്ള 56
— വി. എസ്. നായർ 60
മുഖചിത്രം
ഫോട്ടോ ആർ. രാജൻ

പുസ്തകം എട്ട് □ ലക്കം ഇരുപത്തിമൂന്ന് □ 1152 തുലാം 15

Malayalanadu Weekly, 31 October 1976 Phone: 2825, 3362

കലീൽ ജിബ്രാന്റെ കത്തുകൾ

ന്യൂയോർക്കിൽനിന്നു പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന "അൽമുഹാജർ" എന്ന വർത്തമാനപത്രത്തിന്റെ പ്രധാനപത്രാധിപരായിരുന്ന അമീൻ ഗ്രായേബ്, 1903 മെയ്മാസത്തിൽ അമീൻ ബോസ്റ്റൺ സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ സ്വീകരിക്കാൻ കൂടിയവരിൽ ഇരുപത്തകാരനായ കലീൽ ജിബ്രാനുണ്ടായിരുന്നു. ജിബ്രാന്റെ വിനയം നിറഞ്ഞ പെരുമാറ്റവും ബുദ്ധിശക്തിയും അമീനിനെ ആകർഷിച്ചു. "പിറ്റേന്നു" ആ യുവാവിന്റെ ക്ഷണം സ്വീകരിച്ചു" അദ്ദേഹം അയാളുടെ വീട്ടിൽ സന്ദർശിച്ചു. ജിബ്രാൻ പഠിപ്പിക്കുന്ന താൻ വരച്ച ചില പെയിന്റിംഗുകൾ കാണിച്ചുകൊടുത്തു. തന്റെ ഏകാന്തചിന്തകളും വെളിപാടുകളും മനസ്സിലെഴുതിവെച്ച നോട്ടപുസ്തകവും. കവിയും കലാകാരനും തത്വചിന്തകനുമായ ഒരു പൂർവ്വജിനിയസ്സിനെയാണു താൻ കണ്ടതിയിരിക്കുന്നതെന്നു" അമീൻ പെട്ടെന്നു മനസ്സിലാക്കി. തന്റെ പത്രത്തിൽ ഒരു പംക്തി കൈകാര്യംചെയ്യുവാൻ അദ്ദേഹം അപ്പോൾതന്നെ ആ യുവാവിനോടാവശ്യപ്പെട്ടു. തന്റെ പത്രത്തിന്റെ വായനക്കാർക്കു" ആ യുവാവിനെ പരിചയപ്പെടുത്തിക്കൊടുക്കുവാൻ അമീൻ എഴുതി: "അമേരിക്കൻ ജീവിതത്തിന്റെ ആരാധനാപൂർവ്വം വീക്ഷിക്കുന്ന ഒരു യുവചിത്രകാരനെന്ന ആദ്യത്തെ സാഹിത്യസംഭാവനകളുമായി അറബിജനതയെ പരിചയപ്പെടുത്താൻ കഴിഞ്ഞതു ഞങ്ങൾ ഭാഗ്യവാന്മാരാണു". വീണ്ടുമൊരിക്കൽ ജിബ്രാനെ ഞാൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയാണു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെന്തും പറയാതെ "കണ്ണീരും പുഞ്ചിരിയും." എന്ന പേരിൽ ഈ പ്രബന്ധം ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു സ്വന്തം അഭിപ്രായമനുസരിച്ചു" വിധിപറയേണ്ടതു വായനക്കാരാണു".

പിന്നീടു ജിബ്രാൻ തന്റെ കേളികേട്ട കൃതിയുടെ "സ്പിരിറ്റ്" രചിച്ചപ്പോൾ — ഈ പുസ്തകത്തിന്റെ പേരിൽ ചർച്ച അദ്ദേഹത്തെ ക്ഷണിച്ചു. ഉപന്യാസങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന പത്രാധിപർ — അതിന്റെ അനുവാചകരിൽ ഭൂരിഭാഗവും അറബിക്കാരായിരുന്നു — ജിബ്രാനെ ഒരു മഹാനായ അറബിയായി കണക്കാക്കിയിരുന്നു. അതുകൊണ്ടു ജിബ്രാൻ ഗ്രായേബിന്റെ ആതിഥ്യം സ്വീകരിച്ചു. അമീൻ ഗ്രായേബ് ആയിരുന്നു. ജിബ്രാനെ ഗ്രായേബുണ്ടായിരുന്ന സ്നേഹബഹുമാനങ്ങൾക്കു നിദർശനമായ ഈ കത്തുകൾ ഗ്രായേബ് ലെബനോണിൽ പര്യടനത്തിനു പുറപ്പെട്ടപ്പോൾ എഴുതിയതാണു. അമേരിക്കയുടെ യന്ത്രികത്തിരക്കുവേറ്റു" സ്വതന്ത്ര വിഹായസ്സിൽ വിഹരിക്കാനുള്ള ജിബ്രാന്റെ ദാഹം ഇതിലെ വരികളിൽ നിറഞ്ഞുനിൽക്കുന്നു.

ബോസ്റ്റൺ ഫ്രബ്രു 12, 1908

പ്രിയപ്പെട്ട അമീൻ,

ഞാനിപ്പോൾ താങ്കളോടു പറയാൻപോകുന്ന കാര്യത്തെക്കുറിച്ചു" എന്റെ പെങ്ങൾ മറിയാനക്കു മാത്രമേ അറിഞ്ഞുകൂടു. കേൾക്കുമ്പോൾ താങ്കളും മറ്റുള്ളവരും സന്തോഷിക്കും. ഇരുപത്തിനാലു വസന്തത്തിന്റെ അവസാനത്തിൽ ഞാൻ സുകുമാരകലകളുടെ ഈറ്റില്ലമായ പാരീസിലേക്കു പോകുകയാണു". ഒരു കൊല്ലം മുഴുവൻ ഞാനവിടെ ചെലവഴിക്കും. എന്റെ ജീവിതത്തിൽ വളരെ പ്രധാനമായ രിക്ഷ ആ വർഷമാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്തെന്നാൽ പ്രകാശത്തിന്റെ ആ മഹാനഗരത്തിലെ ആദിവാസങ്ങൾ, ദൈവത്തിന്റെ കാരുണ്യമുണ്ടെങ്കിൽ, എന്റെ ജീവിതകഥയിൽ പുതിയൊരധ്യായത്തിന്റെ തുടക്കം കുറിക്കും. അവിടെ മരുപ്പച്ചയും ഹോകലാകാന്തരാതൊപ്പം ചേർന്നു" അവരുടെ മേൽനോട്ടത്തിൽ ഞാൻ ചിത്രരചനനടത്തും. അവരുടെ നിരീക്ഷണങ്ങളിൽനിന്നു" എനിക്കു പലതും നേടിയെടുക്കാൻ കഴിയും. അവരുടെ ആരോഗ്യകരമായ വിമർശനങ്ങൾ എനിക്കു നന്നാകുമെന്നു തീർച്ചയുണ്ടു. അവർമൂലം എനിക്കു നന്നായുണ്ടാവുമെന്നോ എന്നതു പ്രശ്നമല്ല. എന്തുന്നാൽ, ഞാൻ ഇവിടെ കഴിഞ്ഞുകൂടിയതിൽനിന്നു ഏറ്റവും ഉച്ചത്തിൽ കഴിഞ്ഞാൽ എന്റെ ചിത്രങ്ങൾക്കു പുതിയൊരനുസ്സുലഭിക്കും. ഇവിടത്തെ അസംഖ്യം ധനാഢ്യന്മാർ അവ ധാരാളമായി വാങ്ങിക്കാൻ തുടങ്ങും — അവയുടെ കലാപരമായ ഔന്നത്യം കണ്ടിട്ടല്ല, മറിച്ചു ഫാഷനായ ഡോളറിനെ പൂജിക്കുന്ന അമേരിക്കൻ സമ്പ്രദായമനുസരിച്ചു. ഇവിടെ ഞാൻ ഒരു പ്രദർശനം നടത്തുന്നുണ്ടു. ഇരുന്നൂറും ചിത്രങ്ങൾ ഇതിനുവേണ്ടി ഞാൻ വരച്ചുകൂട്ടിയിട്ടുണ്ടു. അവയിൽ ഭൂരിഭാഗവും ഇവിടെ വെച്ചുതന്നെ വരച്ചതാണു. ഇവിടത്തെ ജീവിതത്തിന്റെ ഒരു പ്രതിഫലനമാണവ

ഒരു സുപ്രധാന വാർത്ത

ക്രോസ്‌വേഡ് പസിൽ മാസികയുടെ പത്രാധിപരായ ശ്രീ. ആർ. കെ. കരഞ്ചിയയും സഹപ്രവർത്തകരും ശ്രീ സത്യസായിബാബയുമായി നടത്തിയ അദ്ഭുതസംഭാഷണം മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനുള്ള അനുവാദം ലഭിച്ച വിവരം സന്തോഷത്തോടെ വായനക്കാരെ അറിയിക്കുന്നു. സത്യസായിബാബയുടെ അപൂർവ്വസിദ്ധികളുടെ വിവിധമുഖങ്ങളെ പ്രയിഫലിപ്പിക്കുന്ന ലേഖനങ്ങൾ, പ്രഗത്ഭരായ ഒരു സംഘം ലേഖകർ തയ്യാറാക്കുന്നതും ഈപരമ്പരയെത്തുടർന്ന് മലയാളനാടിൽ മായിക്കാം. വളരെയധികം ചിത്രങ്ങൾ ലേഖനങ്ങളോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്.

1976 നവംബർ 14 ാം തീയതി മുതലാണു് ഇൻറർവ്യൂ പ്രസിദ്ധീകരിച്ചുതുടങ്ങുന്നതു്.

ആ ലക്കം വാരികയുടെ കവർ സായിബാബയുടെതായിരിക്കും.

നിങ്ങളുടെ കോപ്പികൾ സുരക്ഷിതമാക്കുക

ന്റെ പേജുകളിലേക്കു ചൊരിയും. പകരം ഞാനെന്തെങ്കിലും പ്രതീക്ഷിക്കുന്നില്ല. നിങ്ങളുടെ സൗഹൃദമല്ലാതെ മറ്റൊന്നും കാംക്ഷിക്കുന്നില്ല. പക്ഷേ, എനിക്കു താങ്കളോടുള്ള നിരവധി ധാർമ്മികബാദ്ധ്യതകളോടൊപ്പം ഒരു ഭൗതികബാധ്യത കൂടി ചേർക്കാൻ വിരോധമില്ലെങ്കിൽ എന്റെ "കണ്ണീരും പുഞ്ചിരിയും" എന്ന ഗ്രന്ഥത്തിനു വേണ്ടി സഹകരിക്കാൻ താങ്കളുടെ പ്രാധ്യാപകസമിതിയോടു നിർദ്ദേശിക്കുക. അതെഴുതിത്തീർക്കാൻ ഞാൻ ചെലവഴിച്ച രാത്രികളുടെ വിളറിവെളുപ്പിൽ എന്നെ സഹായിക്കാൻ അവരോടാവശ്യപ്പെടുക. അറബിവായനക്കാർക്കും, അറബിസാഹിത്യകുതുകികൾക്കും നൃയോർക്കിലേയും ഇതരസംസ്ഥാനങ്ങളിലേയും കച്ചവടക്കാർക്കും എന്റെ പുസ്തകം വിൽക്കുന്നതിൽ സഹകരിക്കാൻ അവരോടു പറയുക. താങ്കൾക്കു് അറിയാവുന്നതുപോലെ "ജൻ മൂഫഗറിന്റെ സ്ഫടികങ്ങളിലൂടെ" എനിക്കെന്തെങ്കിലും ചെയ്യാനാവില്ല.

മനഃപ്രയാസങ്ങൾ ഒഴിവാക്കുക. വീട്ടുകാരെ കാണുന്നതിനെയും സുന്ദരദൃശ്യങ്ങൾ ആസ്വദിക്കുന്നതിനെയും കുറിച്ചല്ലാതെ മറ്റൊന്നും ചിന്തിക്കുന്നതിരിക്കുക. കഴിഞ്ഞ അഞ്ചുവർഷമായി താങ്കൾ കഠിനാദ്ധ്വാനം ചെയ്യുകയായിരുന്നു. ഇപ്പോൾ വിശ്രമം ആവശ്യമാണു്. മാവിനെ കുറിച്ചുള്ള ചിന്തകൾ താങ്കളുടെ മനഃശാന്തിയെ നശിപ്പിക്കുന്നതിരിക്കട്ടെ. എല്ലാമതിനെ സംവിധാനിക്കട്ടെ. അൽമഹഗർ അറബിപകുങ്ങളുടെ അഭിമാനമാജനമായി തുടരുകയെന്നു ചെയ്യുക. താങ്കളിൽ നിന്നാണ് സന്ദേശം, ആസാദ് റസ്മിയുടെ ഒരു കവിത, ജിബ്രാന്റെ ലേഖനം— ഒന്നുകൂടിയും അറബിലോകത്തിന്റെ കണ്ണുതുറപ്പിക്കുവാൻ, അവരുടെ ശ്രദ്ധ തുഴവൻ 21 വാക്കിംഗ് സ്ട്രീറ്റിലേക്കു തിരിച്ചുവിടാൻ.

വ്യക്തിപരമായഅഭിപ്രായപ്രകടനങ്ങൾ തീരെ ഇല്ലാത്തതുകൊണ്ട്, "സ്പിരിറ്റ്സ്" ബെലിയസിനു്, താങ്കളെഴുതിയ ആദ്യഖണ്ഡം എന്നെ ആനന്ദിപ്പിച്ചു. കഴിഞ്ഞതിനെക്കാളും ഞാനതിനെ ശ്രേഷ്ഠമായി കരുതുന്നുണ്ടായി. അതവിടെ എന്തിനായി? ഈ കഷ്ടതയുടെ മറുപടിയായി എന്തെങ്കിലും എഴുതുക. ലബനോനിലേക്കു പുറപ്പെടും മുമ്പു് ഞാൻ ഒന്നിലധികം തവണ ഇനിയും എഴുതും. യാത്രയുടെ ആവേശം മനസ്സുകൊണ്ടും നശിപ്പിക്കുന്നതിരിക്കട്ടെ. തമ്മിൽ കണ്ടുപിരിയാൻ നമുക്കാവില്ല. പക്ഷേ, ചിന്തയിലും ചൈതന്യത്തിലും നാം ഒന്നുചേരും. ആത്മാവിന്റെ കണ്ണുകൾക്കു് ഏഴായിരം നാഴികയെന്നും ഒരു നാഴിക മാത്രമാണ്, രണ്ടായിരം മണിച്ചിറകുകൾ ഒരൊറ്റ മണിച്ചിറകും.

II

ബോസ്റ്റൺ മാർച്ചു് 28, 1908

പ്രിയപ്പെട്ട അമീൻ,

ഒരു മണിച്ചിത്രം നേരം താങ്കളോടു സംസാരിച്ചിരിക്കുവാൻ വേണ്ടി, സിഗരറ്റു പുകയും യാമിനകാപ്പിയുടെ പരിമളവുംകൂടിച്ചേർന്ന പർദ്ദക്കു പിന്നിൽ ഇപ്പോൾ ഒളിച്ചുകുടിയതെയുള്ളു ഞാൻ, താങ്കളോടു സംസാരിക്കുന്നതോടൊപ്പം ഞാനിപ്പോൾ സിഗരറ്റും കാപ്പിയും ആസ്വദിക്കുകകൂടി ചെയ്യുന്നു.

താങ്കൾ മഹത്തായ ഈ കൊച്ചുഗ്രാമത്തിന്റെ മനോഗതാണു്. ഞാൻ ഇപ്പോഴും ഇവിടെ തന്നെ കഴിയുന്നു. താങ്കൾ ശാന്തിയും സമാധാനവും നിറഞ്ഞ മഹത്തായ ലബനോനിൽ. ഞാൻ ശബ്ദമുഖരിതമായ ബോസ്റ്റണിൽ. താങ്കൾ കിഴക്കു് ഞാൻ പടിഞ്ഞാറു്. താങ്കൾ എന്നിൽ നിന്നു് എത്ര വളരെ അകലെയാണു്. താങ്കൾ തുമ്പോരിക്കലുമല്ലാത്തവിധം എന്റെ തൊട്ടടുത്തുണ്ടെന്നാണു്. മനുഷ്യർക്കു് ആത്മസുഹൃത്തുക്കളുടെ വിരഹം അസഹനീയമായി തോന്നുന്നതു്. സൗഹൃദത്തിന്റെ ആനന്ദം അവർ പഞ്ചേന്ദ്രിയങ്ങളാൽ അകലെനിന്നു കൊണ്ടാണു്. പക്ഷേ, ജിബ്രാന്റെ ആത്മാവു് അതിനേറെയെല്ലാമപ്പുറം പഞ്ചേന്ദ്രിയങ്ങളുടെ സഹായമാവശ്യമില്ലാത്ത ഉന്നതാസ്വാദനങ്ങളുടെ മറ്റൊരു തലത്തിലാണു്. ജിബ്രാന്റെ ആത്മാവു് കാണുകയും കേൾക്കുകയും ഞാനതിനെ വിലയിരുത്തുകയും ചെയ്യുന്നതു് കണ്ണോ കാതോ വിരലോ ഉപയോഗിച്ചല്ല. കാലുകളുടെയോ മോട്ടോർവാഹനങ്ങളുടെയോ കൂട്ടു

പാല്പുരു

നീലാംബരൻ

കാരമായ കാളിന്ദിയെത്തന്നെ-
യാജ്ഞയിൽ നിർത്തി
ഭൂമിയൊക്കെയും ഫലഭൂയിഷ്ഠമാക്കി-
നാരികൾക്കെന്നും വെള്ള-
മുക്കുവനേയോക്കി
ജീവചൈതന്യം കാട്ടിക്കൊണ്ടിരു-
ശക്രന്റെ ധി-
താണ് ഗോപാലന്മാക്ക് പുജ്യനാ-
യുള്ളോനെന്നും.
നടന്നുവിണ്ടും, ചെന്നുകാളിന്ദിയിലും-
ചെന്നു-
"നന്നെകൊൾകെൻ തൊട്ടപിന്നിലായി"-
പുണ്ണ്യാംഭസ്സിൽ.
ഭർത്തൃസന്നിധിപൂകാൻ വെമ്പുന്ന-
കാളിന്ദിയാ-
വാക്കുകേട്ടതി,ല്ലുത്തരമൊന്നേ ചൊല്ലിപ്പിച്ചു.
തോളിലുള്ളൊരുഫലംകയ്യിലായി-
വലിച്ചിഴ-
ച്ചാണ് കൂട്ടുകാരൊത്തുമടങ്ങി-

കാരമൊക്കെയും അവസാനിപ്പിച്ചു
മെന്നന്നാണം.
"നാരിമാരുടെ ധർമ്മമാചരിയ്കുന്നോ-
ന്നെന്നെ
പാരിലെ പതിവ്രതയെയും മറന്നനി-
കാണെംകുരോതിഴച്ചിട്ടുകിൽ-
പാടില്ല, നി-
സ്സാരനല്ലെൻ ഭർത്താവെന്നോർത്തുകൊള്ളുക-
രാമ;
നീരിലാണല്ലോ നാരായണനും,-
നീലാംബരൻ-
നാണനീ ബലാൽക്കാരം നിനക്കനന്നോ-
രാമാ?"
ആത്മപ്പാരിൽ സൽക്കർമ്മത്തിനു-
ണ്ടെങ്കിൽബല്ല
രാമനേറുടെപ്പോയേ തീരുവെന്നല്ലോ-
നൊയ്ല
"നീയിതേഴഴിത്തൃസന്നിധിപൂകു പ്രജ-
നാരിമാരുടെ ചിന്തഭർത്തൃപ്രീതിമേഖലയിൽ"
രാമനവലംവെച്ചുനമ്രനാകാളിന്ദി, ഭോ-
കാരിരാമനായി നിങ്ങളുംനോക്കുന്നു.

ഞ്ഞുവിന്റേയും ദഖിഞ്ഞുയുടേയും ചി-
ത്രങ്ങൾനോക്കി ഗ്രഹിക്കാം. ദൈവം
ബീഭാവസും വാഗ്നർക്കും റോസ്സിനി-
ക്കും തൊസാൻസിനും അനുഗ്രഹിച്ചുകിയ-
ഗാനങ്ങളും പ്രാർത്ഥനാഗീതങ്ങളുമാസ്വ-
ദിക്കാം. അറബി സംസാരിക്കുന്നവർക്ക്
ഉച്ചരിക്കാൻ വിഷമകരമായ ഈ നാമ-
ങ്ങൾ യൂറോപ്യൻസംസ്കാരത്തിനു അ-
തിരറചർക്കിയ മഹാരഥന്മാരുടെതാണെ-
ന്നു താങ്കളുടെ വയറിലായ്ക്കിടക്കുന്ന
ഞവരുടെ പേരുകളാണിവ. പക്ഷേ,

ഭൂകളുടേയോ സഹായമില്ലാതെ ജീവ്രാ
ന്റെ ആത്മാവു് ലോകം ചുറ്റി മടങ്ങി
വരുന്നു. ആത്മാവിനു് അദൃശ്യവും നിശ്ശ
ബ്ദവുമായ മറ്റു പലതും അനുഭവിച്ചറി
യാൻ കഴിയുന്നതുപോലെ ഞാൻ അമ്മിനെ
എന്നിക്കു ചുറ്റും കാണുന്നു. അയാൾക്കു
ചുറ്റുമുള്ള സമസ്തവസ്തുതകളും അനുഭവി
ച്ചറിയുന്നു. ജീവിതത്തിലെ അന്യാദൃശ
സൗന്ദര്യങ്ങളെല്ലാം നാം കാണാത്തതോ
കേൾക്കാത്തതോ ആണു".

"ലെബനോണിനെപ്പറ്റി എന്താണഭി
പ്രായം? താങ്കളുടെ ഭാവനയിൽ ഉണ്ടായി
രുന്ന സൗന്ദര്യം മുഴുവൻ അതിനില്ലെ? അ
ലസത നടിയ്കുന്ന വെറുമൊരു ശ്രുഷ്കഭൂമി
മാത്രമായിപ്പോയോ അതു്? ദാവീദും ഇ
സയിയയും ഫറവോ ലാമാർട്ടിനും ഹ്യൂഗോയും
വാഴ്ത്തിയ അതേ ശ്രേഷ്ഠപർവതനിര ത
ന്നെയല്ലെ ഇപ്പോഴും ലബനോൺ? അ
തെ, പ്രസാദാത്മകതയെല്ലാം നശിച്ചു"
എല്ലാ സൗന്ദര്യങ്ങളിൽ-നിന്നുമകന്ന കഴി
ഞ്ഞ ഏകാന്തതയിൽ പൊതിഞ്ഞ പർവ
തങ്ങളുടെയും താഴ്വാരങ്ങളുടെയും ശൂ
ന്യതയായിപ്പോയോ?

പെന്നാൾ ദിനവും കാത്തു് നോമ്പു്
നോറ്റു കഴിയുന്നതുപോലെയാണു് എ
ന്റെ സ്ഥിതി, വിജ്ഞാനത്തിന്റെയും കല
കളുടെയും-നഗരത്തിൽ ഞാൻ ചെലവഴി
ക്കുന്ന ഒരു വർഷം എനിക്കു നേടിത്തരുമെ
ന്നു ഞാൻ പ്രതീക്ഷിയ്കുന്ന നേട്ടങ്ങൾക്കു
ചുറ്റുമായി എന്റെ കിനാവുകൾ വട്ടമിട്ടു
പറക്കുകയാണു്! ഒരു വർഷം മുഴുവൻ പാ
രീസിലായിരിക്കുക എന്നാണല്ലൊ ഞാനു
പറഞ്ഞതു്, അതിനു ശേഷം ഇറ്റലി
കൂടി സന്ദർശിക്കണമെന്നു ഇപ്പോൾ തോ
ന്നുന്നു. അവിടുത്തെ കൃതിയങ്ങളും പുരാതന
ശേഷിപ്പുകളുംകണ്ടുകൊണ്ടു് ഒരു വർഷം കൂ
വിടെത്തന്നെ. റവന്നിസും ഫ്ളോറൻസും
റോമും ജനോവയും ഞാൻ കാണും. പി
ന്നെ നേപ്പിൾസിലേക്കു പോകും. പിന്നെ
അതേ അതിരിലൂടെ കപ്പൽ കയറും.
അതുകഴിഞ്ഞായ് ഒരു യാത്ര തിണ്ണയായിരി
ക്കും തന്നു്. എന്തെന്നാൽ ജനുവരിയിൽ
ഭൂമിയുടെതിരായ ശീതകാലത്തെ അവന്റെ
ആഹ്ലാദപൂർണ്ണമായ ദിവിയുമായി വി
ളിച്ചുകൊണ്ടുപോകുന്ന ഒരു സ്വർണ്ണച്ചിറകുള്ള
ദേവതയെപ്പോലെ ഞാൻ കാത്തിരിയ്കുന്നു.

അതുകൊണ്ടുതന്നെ ഒരു യാത്രയിൽ

താങ്കൾ പാരീസിലൂടെ കടന്നുപോവുമെ
ന്നു് എനിക്കറിയാം. അവിടെ നമുക്കൊ
ന്നിച്ചുചേരാം; ആഹ്ലാദിക്കാം, അനുഭവ
കലാകാരന്മാരുടെ ഉപന്യാസങ്ങളുടെ
സ്വദിച്ചുകൊണ്ടു് നമ്മുടെ ദാഹം
തീർക്കാം. പാൻതേയോൻ സന്ദർശിച്ചു്
ഹ്യൂഗോ, തിയ്സ്സോ ഷാറോബ്രിയാൻ
ഡ്, മറ്റൊ എണ്ണപ്പെട്ട ശവകുടീ
രങ്ങൾക്കു മുമ്പിൽ കുട്ടിനിൽക്കാം. പാരീ
സിൽ വസന്തമുദിച്ചുയരുമ്പോൾ ചുറ്റി
ക്കറങ്ങാം. റഫേലിന്റേയും മൈക്കലാ

മലയാളനാട് സിനിമാ ദ്വൈവാരിക

പത്താമത്തെ ലക്കം പ്രസിദ്ധീകരിച്ചു

റാണിചന്ദ്രയുടെ മരണത്തിൽ വ്യാപകമായ ദുഃഖപ്രകടനങ്ങൾ.

"റാണി നമ്മുടെ അനശ്വരത്വം"
ശ്രീ. എസ്. കെ. നായർ അനുസ്മരിക്കുന്നു.

"മരണത്തിലും വേർപിരിയാത്ത രക്തബന്ധം"
ശ്രീ. വി. എസ്. നായർ റാണിയെക്കുറിച്ചെഴുതിയ ലഘുലേഖനം.

"റാണിചന്ദ്രയുടെ വേർപാടിൽ ദുഃഖം പങ്കിടുന്നവർ"
സിനിമാരംഗത്തെ പ്രശസ്തവ്യക്തികളുടെ പ്രതികരണങ്ങൾ.

"എന്റെ ലക്ഷ്യങ്ങൾ, അഭിലാഷങ്ങൾ"
റാണിചന്ദ്രയുമായി നടത്തിയ അവസാനത്തെ അഭിമുഖസംഭാഷണം—മരിക്കൽക്കുടി.

"ബിസ്സിനസ്സിന്റെ അടിസ്ഥാനത്തിൽ കലയെ വളർത്തുക."
ശ്രീ. പി. കെ. കൈമൾ സംസാരിക്കുന്നു.

"സദാചാരം പ്രസംഗിക്കുന്നവരെ സൂക്ഷിക്കുക"
ശ്രീമതി കമലാജിയുമായുള്ള അഭിമുഖസംഭാഷണം.

"ഞാൻ അതിജീവിച്ച അഗ്നിപരീക്ഷണങ്ങൾ"
പ്രശസ്ത സംഗീതസംവിധായകനായ ശ്രീ. അർജ്ജുനൻ സത്യസന്ധമായി തുറന്നെഴുതുന്നു.

"അഭിനയസിദ്ധികൊണ്ടു അനുഗ്രഹീതയായ നടി."
ഷീലയെക്കുറിച്ചു ജയഭാരതി പറയുന്നു

"കൊല്ലത്തെ റേഡിയോ ഫിലിംഫെസ്റ്റിവൽ"
ഒരാസ്വാദനം.

"പാഞ്ചജന്യം"
നാടകനിരൂപണം.

"താലപ്പൊലി" യെ കാഴ്ചക്കാരൻ കണ്ട ചിത്രനിർമ്മാണം.

ശ്രീ. യേശുദാസന്റെ "അണിയറ"യിൽ റാണിചന്ദ്ര

ശ്രീ. എം. ജി. സോമൻ ചോദിച്ച ചോദ്യങ്ങളും അവയ്ക്കുള്ള വായനക്കാരുടെ മറുപടികളും.

ശ്രീ. ആലുമ്മൂടന്റെ ചോദ്യങ്ങൾ

കമലാദേവിയുടെ പ്രണയലേഖനം

മറ്റു സ്ഥിരംപംക്തികൾ

സിനിമാവാരഫലം
(പ്രൊഫ. എം. കുഞ്ഞൻനായർ)

ഇവരെ മനസ്സിലാക്കുക,
ഹരിഹരനെയും വാസുദേവനെയും
(പ്രൊഫ. എം. എസ്. വാസുദേവൻ)

കാണാത്ത സിനിമ (കാമ്പിശ്ശേരി)

ഓർമ്മകൾ മരിക്കുമോ—?

സ്റ്റുഡിയോ പ്രദക്ഷിണം
ആദ്യഷോട്ട്, ആദ്യവാചകം
എക്സ്റേ – (സുധീർ)

അയലത്തെ സിനിമ

മനോഹരമായ വർണ്ണചിത്രങ്ങൾ.
അനേകം ചിത്രങ്ങൾ വേറെയും.

ഒറ്റപ്രതി വില ഒരുരൂപ

ക്ലാരയ്ക്കു കൊടുക്കുവാൻ മരണത്തെ മാത്രമേ കയ്യിലുണ്ടായിരുന്നുള്ളൂ. എന്റെ കൈകൊണ്ടുള്ള മരണം. അവൾ മോഹിച്ചിട്ടുണ്ടാവണം എന്നു പലപ്പോഴും അവൾതന്നെ പറഞ്ഞിട്ടുണ്ടായിരുന്നതായും. "ഇവിടെ ഒരുതരം ചെകുത്താനുണ്ടെന്നാ കിഴവൻ പറയുന്നതു". കൂട്ടത്തിൽ ഒരു യക്ഷിയായിട്ടു ഞാനുമുണ്ടാകാം. പിന്നെയാണു എന്റെയൊക്കെ ശരിയായ ജീവിതം തുടങ്ങുന്നതു" അവൾ പറഞ്ഞു.

"പിന്നെ ചെകുത്താന്മാക്കുള്ളതൊന്നുമാക്കാൻ കോളുകാലം" ഞാൻ പറഞ്ഞു. "നിന്നെപ്പോലെയുള്ള പ്രസിദ്ധവേശ്യയുടെ ആത്മാവു് പരിസരത്തെങ്ങുമെ അനുഗ്രഹിച്ചു വുരിചരിച്ചു പുറത്തിറങ്ങാൻ ഇവിടെ വുരിചാരമണ്ണു തഴച്ചുപിടിക്കും. ലാസറിന്റെ പാട്ടുമോഴിയും.

അവൾ ചിരിച്ചു. കാറ്റെടുത്തെറിഞ്ഞ മുടിനാരിഴകൾ, പുറത്തു് അലറുന്ന മഴയിലേക്കു് അവൾ നീട്ടിയെന്നു കൂവി. ആയിരമായിരം തൊണ്ടകളുള്ള മഴയുടെവിളിയിൽ ക്ലാരയുടെ കൂവലിന്റെ ശബ്ദം— ഞങ്ങൾ രണ്ടാൾപ്പോലും കേട്ടില്ല

പക്ഷേ ക്ലാര എന്ന അഗ്നിപർവ്വതത്തിന്റെ, ക്ലാര എന്ന മഞ്ഞമലയുടെ, ക്ലാര എന്ന മരുഭൂമിയുടെ ക്ലാര എന്ന വിസ്മയത്തിന്റെ കൂവലിന്റെ ശബ്ദം പത്തൊമ്പതു വർഷം കഴിഞ്ഞിപ്പോഴും കേൾപ്പിക്കുന്നു. നാം കേൾക്കുന്നു, നടുങ്ങുന്നു. അതുപോലെ അനേകം നടുക്കങ്ങളുടെ ഇതിഹാസകാരനും"

പി. പത്മരാജന്റെ

ഉദകപ്പോള

1976 നവംബർ 28 മുതൽ

വായിച്ചുതുടങ്ങുക

മുത്തശ്ശിയൊരു കിഴവി

കഥ

ജി. വിവേകാനന്ദൻ

വിമാൻ ഒരുവേള കുറെ വൈകിയേ ള്ളൂ എന്നും പറഞ്ഞു് റാണാ ലേണ്ട്" തിരിച്ചു ഗോപാലപിള്ള കയ്യിച്ചു് ഞനൊ ന്നിക്കഴിഞ്ഞപ്പോൾ വീട്ടിൽ മടങ്ങിയെത്തി.

"എന്താണാവോ കാര്യം" — ഗൗരിയ ുടെ അന്ധാളിപ്പോടെ ചെന്നു കയ്യിയ വലും ഉറന്നുകൊണ്ടു്.

"നിന്റെ മോളെന്തിയേടീ — സുമ്മ?" — ക്രോധവും അമർഷവും മുറ്റി നിൽക്കുന്ന സ്വരം.

"കക്കേവാ, പനി."

"ഹും, അവളുടെയൊരു കെടപ്പ്. ആരെ ബോധിപ്പിക്കാനാ. അവലക്ഷണംകെട്ടവളെ!"

"അതിനു മരുന്നൊക്കെ, പനിയുണ്ടു്."

"നീയും നിന്റെ മോളും, രണ്ടിനേയും ഞാനിന്നു് വകവരുത്തും."

ഗൗരിയമ്മയ്ക്കു് ബോധ്യമായി, പുള്ളിക്കാരൻ വിധം പിഴച്ചാണു് വന്നിരിക്കുന്നതെന്നു്. ആരോ ശരിക്കു് ഓതിക്കൊടുത്തുകാണും. ഇനിയിപ്പോൾ എന്തെക്കൊണ്ടൊ വീട്ടിൽ നടക്കേ.

ഗോപാലപിള്ള മുഖവും നേരും മാറുന്നതിനിടയിൽ ഗൗരിയമ്മ പോയി കട്ടിലിലിരുന്നു. ഉറങ്ങിക്കിടന്നേ മുത്തശ്ശിയെയിളക്കിവിവരം ധരിപ്പിച്ചു. മുത്തശ്ശി പിടഞ്ഞെണീറ്റു് വടിയുടെ നിഴലുപറ്റിനടന്നു്, എണ്ണത്തെറ്റിയ ചെരിപ്പുകൾ നിൽക്കുമെന്നു് വിശ്വാസമുണ്ടെങ്കിലും മുത്തശ്ശിക്കു് അന്നോളമുള്ള അനുഭവവും അതാണു്.

"എങ്ങെടാ കോവാലാ നീ നേരത്തെയിങ്ങു് പോന്നതു്? വേണ്ടപ്പോയില്ലേ?"

"ഇല്ല." — [illegible]

"ഉം? എന്താ പുവാത്തതു്?"

"ഒക്കത്തെ പോവും ഞാനിപ്പോളിതാ നമ്മുള്ളവക്കു് പുറത്തിറങ്ങി നക്കോണമാക്കുമോ."

"അല്ലേ. അയിനമാത്രം എന്തെണ്ടായി ഇവിടെ?"

"എന്താണ്ടായെന്നു്. മുത്തശ്ശിക്കു കേൾക്കണോ എന്റെ പുന്നാരമോളുടെ ചെയ്തികൾ. അവളും ആ ചെക്കാലച്ചെറുക്കനും കൂടി കാളേജിനടുത്തുള്ള കാപ്പിക്കടയിൽ പോയി ഒരുമിച്ചിരുന്നു കാപ്പികുടിച്ചിരിക്കുന്നു. കാഴ്ചബംഗ്ലാവിൽ പോയിരിക്കുന്നു. കപ്പെറങ്ങു പോയിരുന്നു" കാറ്റു കൊണ്ടിരിക്കുന്നു. ഇതൊക്കെ കുടുംബക്കാരിക്കു് ചേന്ന പണിയാണോ! ഞാൻ കടവും കാവലും വങ്ങി അവളെ കാളേജിലയച്ചതിന്റെ ശിക്ഷ."

ഗോപാലപിള്ളയുടെ കണ്ണീരിൽ. "ഞാനെങ്ങനെ നാലുപേരുടെ വെട്ടത്തിറങ്ങി നടക്കും." കുടുംബത്തിന്റെ അന്തസ്സില്ലായ്മയെ നമുക്കെന്തുണ്ടു് പൊക്കിപ്പിടിക്കാൻ! ഇനിയിപ്പം ഏതു പട്ടിവന്നു് ഇവളെ കയ്യ്ക്കാൻ. കുതിൽഭേദം ഇവൾക്കെന്റെ കൊരവളയറുത്തു കളയാമായിരുന്നില്ലേ? സാമദ്രോഹി."

ഗോപാലപിള്ള നേരുതിന്റെ തുമ്പു പിടിച്ചു കണ്ണു തുടച്ചിട്ടു് അകത്തേക്കു് നോക്കി സ്വരം ഉയത്തി വിളിച്ചു.

"സുമ്മേ! എടീ, സുമ്മേ."

മുപടിയില്ല.

"എന്തടീ, ചെവിയിൽ കത പുറപ്പാട്ടപോയോ നിനക്കു്: ഇങ്ങോട്ടു് എണീറ്റു വാനാണു് പറഞ്ഞതു്."



"ഇനിയപ്പോൾ എന്താണാവോ ചെയ്യുക. വിളിത്തം നുത്തി വീട്ടിലടച്ചിട്ടാലോ? ഒരു ദോഷം വരും. അവനു വേണ്ടതിൽ കേസു കൊടുക്കാം. അവളുടെ രാജ്യത്തെ വീട്ടുകലിൽ പാർപ്പിച്ചിരിക്കുന്നതു കുറ്റകരമെന്നങ്ങനെ പറയുക. അവളുടെ മുഖം കാണിച്ചാൽ മതിയാകും? പെക്ഷ വല്ല കണ്ടിസ്റ്റർ ക്രോസ്സു ചോദ്യം ചെയ്താൽ, അറിയാതെനാക്കിപ്പിച്ചാൽ, ഉണ്ണിൽ കേട്ടതു പുറത്തുപറയുന്നതു കുറ്റകരമെന്നു്. പ്രായപൂർത്തിയായവർക്കു

നെങ്കിൽ അവർക്കിഷ്ടമുള്ളവരോടു പോയി കാമസൂക്കാർ ഉത്തരവാകട്ടെ.

"മുത്തശ്ശീ! മുത്തശ്ശി വിചാരിച്ചാലേ ഇതിനൊരു മുക്തി കിട്ടൂ. മുത്തശ്ശി അവളെ വിളിച്ചു പറയണം. എന്നെ കൊല്ലിക്കരുതെന്ന്. അച്ഛന്റെ എളയ പിള്ളയുടെ മാവിയെക്കുറിയെങ്കിലും ഇതിൽ നിന്നു പിൻമാറാൻ."

"ഞാൻ അതേറു കോവാലാ. എന്നെറ വാക്കിന് എതിർ വാക്ക് അവൾ പറയുല്ല. എന്നെറ വത്തി മറുത്തു" അവൾ മന്നം ചെയ്യുകേം ഇല്ല.—മുത്തശ്ശിക്ക് അത്ര ഉറപ്പുണ്ട്.

"മുത്തശ്ശി! ഇനിയും ഇതൊന്നു വിചാരിക്കണമേ", മുത്തുമാല കയ്യൊപ്പിട്ടു കൊണ്ട് മുത്തശ്ശിയുടെ വിരൽ കടിച്ചിരുന്നു കൊണ്ടു പറഞ്ഞു. "അതെങ്ങനെയാ നെന്നിയാണേ". അവളെ ഇതുകൊണ്ടും കൊണ്ടത്തിച്ചില്ല. "എന്നിട്ടപ്പോൾ അവൾ കാണും, ഞാൻ അനുസരിക്കുന്നതെങ്ങനെ—" ഗോപാലപിള്ള വിക്കിപ്പറഞ്ഞു പോയി.

അപ്പോൾ അവന്റെ കണ്ണീർ കണ്ടപ്പോൾ ഗത്തീയത്തും പരിവിട്ടുപോയി. അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് അകത്തേയ്ക്കോടി സുമുഖയെ പൊതിരെ തല്ലി.

"കിടക്കുന്ന കേറി കാവും നിട്ടി രാക്ഷസി, എണീക്കെടീ അവിടന്ന്. പോയി നോക്ക് നിന്റെ തന്തയിതന്ത് കൊച്ചുകുട്ടികളെപ്പോലെ മുഖംപൊത്തിക്കരയണതു കണ്ടിട്ട് നിനക്കു സങ്കടം തോന്നുന്നില്ലേടീ. അവളുടെ കാലുപിടിക്കടീ. എന്നിട്ടു ചോദിക്ക് എന്തിനാണ് അവൾ ഇതുചെയ്തതെന്ന്. അവളുടെ കാലുപിടിക്കുമോ? എടീ എണീറ്റു പിടിക്കുമോന്ന്."

സുമുഖ അക്ഷരം മിണ്ടിയില്ല. കിട്ടിയതല്ല മുഴുവൻ യാതൊരുതിർപ്പുമില്ലാതെ സ്വീകരിച്ചു.

"മുത്തശ്ശി! മുത്തശ്ശി!"—ഗത്തീയമ്മ മുത്തശ്ശിയെ മാറ്റിനിറുത്തി വിളിച്ചു. "ഇതാകണ്ടോ ഇവളുടെ കുപ്പായം. ഇതുപോലെ രണ്ടിട്ടു വല്ല ക്രിസ്തുരാജനോ നോക്കിൻ. അവളങ്ങനെ കെട്ട മുഖവുമായി."

പിന്നെ കൊണ്ടുവന്ന നാലഞ്ചിലേയും കീഴ്മേൽ.

"മരി ഗത്തീക്കുട്ടി മരി. ഏതായാലും അവൾക്കൊരബദ്ധം പറ്റിപ്പോയി. ഇനി അവൾ അങ്ങനെ വെണ്ടാതിനതിനോടെ പോവുല്ല."

സുമുഖ അപ്പോഴും വായ തുറന്നില്ല. എല്ലാം കേട്ടു നന്നമയുള്ള.

"ഗത്തീക്കുട്ടി ഒരു പാതും കണ്ടിവെള്ളം" —ഉമ്മറത്തിരുന്ന ഗോപാലപിള്ള വിളിച്ചു പറഞ്ഞു.

ഗത്തീക്കുട്ടി കഞ്ഞിവെള്ളവുമായി ചെല്ലുമ്പോൾ ഗോപാലപിള്ള ഇഞ്ചിയും ധരിച്ച് നെടുനീളം ചുറ്റി യാത്രയ്ക്കൊരുങ്ങി നിൽക്കുകയാണ്.

"എങ്ങോട്ടാ? എന്തിനാ?"— ഗത്തീയമ്മയുടെ ഉൽക്കണ്ഠ നിറഞ്ഞ ചോദ്യം.

"കാ! ഇവിടിരുന്നിട്ടൊന്നു ചെയ്യാൻ? —" വെള്ളം വാങ്ങിക്കുടിച്ചിട്ട് ഗോപാലപിള്ള ഇറങ്ങിത്തിരിച്ചു:

"നേരും നെറിയുമായും മുമ്പിങ്ങു വരുല്ലേ?"

കേട്ടതായി ഭാവിച്ചില്ല.

തലയും താഴ്ത്തി തോളുവഴുപ്പിച്ചുടെ നടന്നകലുന്ന ഭർത്താവിനെ ഗത്തീയമ്മ കണ്ണുമറയുവോളം നോക്കി നിന്നു.

"മുത്തശ്ശി അട്ടത്തു പോയി:—ഗത്തീയമ്മ അകത്തു പോയി വിവരം ധരിപ്പിച്ചു.

"എങ്ങോട്ട്."

"പറഞ്ഞില്ല."

"ങാ വല്ലതും കാട്ടുതിനായിരിക്കും. കുറേക്കഴുമ്പോഴിങ്ങു വരും."— മുത്തശ്ശി സമാധാനപ്പെടുത്തി.

"എന്തോ എനിക്ക് ഭയമാകുന്നു."

—നിയോഗം പുത്രാതിരി ഗത്തീക്കുട്ടി. അവൻ അതു വിവരം കേട്ടവനാണോ?

ഗത്തീക്കുട്ടിയുടെ സങ്കടം രേക്ഷ്യമായി മാറി. അവർ മകളുടെ നേർക്ക് തിരിഞ്ഞു ചോദിച്ചു: "എന്താടീ, തുപ്പിയായോ നിനക്ക്?"

സുമുഖ കേട്ടതായി ഭാവിച്ചില്ല.

"അവളുടെ ഒരു ഇരുപ്പ് കണ്ടില്ലേ. എന്നോടീ, നിന്റെ നാക്കു താണുപോയോ?"

ഉന്നം പെടുകിട്ടിൽ തെറ്റിക്കഴക.

സുമുഖ അമ്മയുടെ മുഖത്തുനോക്കി, മന്ദഹസിയായില്ലേ തല്ലിൽത്തന്നെ മട്ടിൽ.

"എന്താടീ നോക്കുന്നു നീ കാണെടായി നിന്റെ അപ്പൻ പുറപ്പെട്ടുപോയി."

"ഞാൻ കാണുന്നായേ."

"പിന്നല്ലാതെ?"

"അപ്പോൾ അപ്പനു മാത്രമേ ഇതു കണ്ടുപോരുള്ളോ?"

NBS NEWS

ആനപ്പിണ്ടം വാർവാഴ
എം. എൻ. ഗോവിന്ദൻനായർ
ചിരിയിലൂടെ ചിന്തിപ്പിക്കുന്ന മുപ്പതു ലേഖനങ്ങളുടെ സമാഹാരം. വില 4-25

കവിത
-സമ്പാദകർ,
കവിതാസമിതി, തിരുവനന്തപുരം
വായിച്ചുരസിക്കുവാനും ചിന്തിച്ചു പഠിക്കുവാനും ഉപയുക്തമായ കുഞ്ഞുണ്ണി എൻ. വി. കുങ്കുമാദിയുടെ അവതാരിക. വില 3-00

ഞാവൽപ്പഴങ്ങൾ
മലയത്ത് അപ്പുണ്ണി
ഇന്ത്യാനദിതീരത്തെ കവിതകളിലൂടെ മനോജ്ഞമായി അവതരിപ്പിക്കുകയാണ് അപ്പുണ്ണി. മുപ്പതു ഉത്തമ കവിതകൾ. വില 2-50

ഇല്ലത്തെ ഴുനീയും കാലം
ജോസഫ് മറ്റം
അപമാനിതനും ദുഃഖിതനുമായ ഒരു മനുഷ്യന്റെ മനസ്സിലെ അഗാധമായ രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന എഴുത്തുകാരിയായ തുടക്കക്കാരി. വില 9 രൂ.

പാചകറാണി
(നാലഞ്ചാഗം)
ക്രിസ്റ്റീസ് ബി. എഫ്. ഡഗ്ലീസ്
സൂപ്പുകൾ, മാംസക്കറികൾ, പച്ചക്കറികൾ, അച്ചാറുകൾ, ഖാസ്സറുകൾ തുടങ്ങിയവ രുചിയായി തയാറാക്കുന്നവിധം ചിത്രീകരിച്ചിട്ടുള്ള ഒരു പാചകഗ്രന്ഥം. വില 7-50

നാഷനൽ ബുക്ക് സ്റ്റാൾ
കോട്ടയം.

"ഛേ! അവളുടേയൊന്നു തർക്കുത്തരം."

"അതു കൊള്ളാം. ഞാൻ മിണ്ടിയില്ലെങ്കിൽ അതു കഷ്ടം. മിണ്ടിയാൽ തർക്കുത്തരം. എന്തുവേണം ഞാൻ ചാകണോ?"

"നിന്റെ അച്ഛനേം എന്നേം കൊയിലാണ്ടിക്കേറാനുള്ള അവൊന്നത്."

"കരേമില്ലത്രേ! ഞാൻ എനിക്കിഷ്ടപ്പെട്ട ഒരു കുട്ടിയെട്ടു മ'ണ്ടിപ്പോയാൽ, അയാളുടെയൊന്നു കരകപ്പു കാപ്പി കുടിച്ചുപോയാൽ, തകർന്നുപോകാവുന്നതുദുർബ്ബലമാണോ നമ്മുടെ കുടുംബത്തിന്റെ അന്തസ്സു്. അക്കാര്യം പറഞ്ഞുവേണോ അമ്മേ, അച്ഛൻ നാട്ടുവീട്ടുപോകാൻ. അച്ഛനു് ഇവിടെനിന്നോട്ടു് സ്നേഹമുണ്ടെങ്കിൽ, കുറേണ്ടെങ്കിൽ, അച്ഛൻ ജയിൻകിയ കക്കളോടോ, ഇതുവരെകൊലം ഒരു വിലുക്കാരിയെപ്പോലെ ഈ വീട്ടിൽ കിന്നേ് മട്ടുകയും അച്ഛന്റെ സന്താനങ്ങളെ ഗർഭംധരിച്ചു് പത്തുമാസം ചുമന്നു് നടന്നു്, പെറ്റു് പ്രസവിച്ചു്, അവരെ വളർത്തുകയുംചെയ്തു് അമ്മയോടു സ്നേഹമുണ്ടെങ്കിൽ — സ്നേഹം വേണ്ട — നന്ദിവേണോ മനുഷ്യനു് അതെങ്കിലുമുണ്ടെങ്കിൽ, അച്ഛൻ നാടുവിട്ടുപോകുമോ? അപ്പോൾ, അതൊന്നുമല്ല പ്രധാനം. അച്ഛനു് അച്ഛന്റെ ദുരഭിമാനമാണു് വലുതു!"

"സുധേട്ടി നീ നിലവിട്ടു സംസാരിക്കുന്നു."

"വേണമെങ്കിൽ നിങ്ങൾക്കു കത്തിച്ചോ റിപ്പോർട്ടാണെ."

എല്ലാം കേട്ടിരുന്ന മുത്തശ്ശി ഇടയ്ക്കു"കയറിപ്പറഞ്ഞു:

"ഗൗരിക്കുട്ടീ നീ അല്ലെങ്കിലേയ്ക്കു പോയ്ക്കോ. ഞാൻ ശരിയാക്കാം അവളെ."

മൊഴിമുട്ടിനിന്ന ഗൗരിയെ അനുസരണയോടെ അല്ലെങ്കിലേയ്ക്കു നടന്നു.

മുത്തശ്ശി കൊച്ചുമകളുടെ അല്ലെങ്കിലേയ്ക്കു നിരീക്ഷിക്കുന്നു. അവളുടെ മുഖത്തു് ദയാലേശമെങ്കിലും ഉണ്ടോയെന്നു്.

"എന്റെ കുട്ടി, നിന്റെ അച്ഛനെ എനിക്കു പെറ്റുവളർത്തുന്നതാണോ? നുണക്കുഴിയുണ്ടോ?" സ്വരം കിടുങ്ങിപ്പോയി.

"നീ ഈ കണ്ണീരൊഴുക്കുന്നതുകൊണ്ടു കുട്ടിക്കു് കിട്ടുന്നതെന്തു?"

സുധ മുത്തശ്ശിയുടെ തോളിലേറി യിട്ടു് എണീറ്റു.

"എന്താ കുട്ടി, ഞാൻ ചോദിച്ചതിനു മറുപടി പറയാത്തതു്."

"പറയാം മുത്തശ്ശി."

"എന്നാൽ പറ."

"ഇപ്പോൾ വേണ്ട. പിന്നെ പറയും."

"ശരി, ഞാൻ നിർബന്ധിക്കുന്നില്ല. പക്ഷേ എന്റെ കൊച്ചുമോൾ എനിക്കു തരമുത്തരണം. അവനുമായുള്ള ആ ബന്ധം നീ ഉപേക്ഷിക്കണം."

അതിനും മറുപടി പറഞ്ഞില്ല.

"എനിക്കറിയാം ഈ മുത്തശ്ശി പറഞ്ഞാൽ അതിനപ്പുറം നീ പോവുല്ലെന്നു്."

"ഇല്ല മുത്തശ്ശി മുത്തശ്ശിക്കു് — എന്നെക്കാൾ അറിവുകൂടും. മുത്തശ്ശിക്കു് ഇഷ്ടമില്ലത്തതൊന്നും മുത്തശ്ശി ചെയ്യുത്തമായ യാതൊന്നും ഞാൻ ചെയ്യുകില്ല."

എന്തുകൊണ്ടോ മുത്തശ്ശി സന്തോഷംകൊണ്ടു തുടർന്നില്ല.

"ഗൗരിക്കുട്ടി, വിശ്രമിക്കൂ. എനിക്കു സുദ്രക്ഷത്തിനും കഞ്ഞിവെള്ളം."

മറുപടിയും കാത്തിരിക്കാതെ കഞ്ഞിക്കു ടിച്ചു.

"അദ്ദേഹത്തെ കാണുന്നില്ലല്ലോ." — ഗൗരിക്കുട്ടിയുടെ പരിവേശം.

"പത്തമനേം." — മുത്തശ്ശിയുടെ ആശ്വാസവചനം.

ഗൗരിക്കുട്ടി റാന്തലും കത്തിച്ചു് ഉമ്മറത്തു കാത്തുനിന്നു. മുത്തശ്ശിയും കൊച്ചുമോളും അകത്തളത്തിൽ കിടന്നുറങ്ങി.

പാതിരാ കഴിഞ്ഞപ്പോൾ ഗോപാലപിള്ള മടങ്ങിയെത്തി.

"കുളിക്കണം. വെയ്പ്പു്."

ഗൗരിക്കുട്ടി അതു കേൾക്കുമ്പോൾ സുധയില്ല, മുത്തശ്ശിയുടെ അടുത്തുകിടന്നുറങ്ങിയ സുധ.

ഒരു വലിയ കലാസിൽ ഒരു വാക്യം മാത്രം.

"മുത്തശ്ശി മുത്തശ്ശി എങ്ങനാ കല്യാണം കഴിച്ചു?"

മെഡിക്കൽ കോളേജുകളും എൻജിനിയറിങ്ങ് കോളേജുകളും തമ്മിലുള്ള അകലം കുറയുകയാണു്. വൈദ്യശാസ്ത്രനാവശ്യമായ നൂറുനൂറുകൂട്ടം ഉപകരണങ്ങൾ ഇന്നു എൻജിനിയർമാർ ഉണ്ടാക്കുന്നു. ഡോക്ടർമാരും എൻജിനിയർമാരും ചേർന്നുള്ള കൂട്ടായ ഗവേഷണങ്ങളിൽനിന്നാണു് പുതിയതും കാര്യക്ഷമതകൂടിയതുമായ ഉപകരണങ്ങൾ ഉണ്ടാക്കാൻ കഴിയുന്നതു്. നാളെ മെഡിക്കൽ എൻജിനിയറിങ്ങ് വിഭാഗം പല എൻജിനിയറിങ് കോളേജുകളിലും സ്ഥാപിക്കേണ്ടതായും വരും.

ഇന്നു വൈദ്യശാസ്ത്രം പഴയപോലെയല്ല. എത്തെല്ലാം ഉപകരണങ്ങൾ വേണം അതിനു? രോഗപരിശോധനയ്ക്കായി വകുപ്പുകൾ നടത്താൻ മറ്റൊരുവകുപ്പു് ചികിത്സിക്കാനുള്ളവ വേറെ. ഇന്നു് ആശുപത്രികളിൽ എം. ബി. ബി. എസ്സോ ഡി. ഒ. യോ എം. എസ്സോ പോരാതായിരിക്കുന്നു. കൂടുതൽ കൂടുതൽ മനുഷ്യർ മാത്രം ഉണ്ടായാൽ പോരാ. ധാരാളം സാങ്കേതികവിദഗ്ദ്ധരും രോഗനിർണ്ണയത്തിനു പറ്റിയ പല തരം ഉപകരണങ്ങളുമുണ്ടായി വേണം.

ഡി. ടി. ടാസ്ക്കുകൾക്കു പുനർജന്മം

ഡോക്ടറുടെ കൂടെത്തന്നെ ഇരിക്കുന്ന സ്റ്റേഷ്യൂം ഓണുമാത്രം ഇന്നു് എന്തെന്നും അറിയാൻപറ്റില്ല. വിലപിടിച്ച ശാസ്ത്രീയകളും നടത്താൻ പറ്റിയ ഉപകരണങ്ങളും അതു ശരിക്കും നടത്താനുള്ള സാങ്കേതികവിദഗ്ദ്ധരും ഉണ്ടെങ്കിലേ ഇന്നു ശാസ്ത്രീയമായ വൈദ്യം നടപ്പാവൂ. കഴിഞ്ഞ ഇന്നു് മെഡിക്കൽകോളേജുകളിൽ ഉള്ളതിലുള്ള ഉപകരണങ്ങളും നാളെയുള്ള മനുഷ്യരെല്ലാം എല്ലാം തീരുകയില്ല. അതുപോലെ തന്നെ പുതിയ ഉപകരണങ്ങളും ഉണ്ടാക്കുന്നുണ്ടു്. അതുകൊണ്ടു് ഡോക്ടർമാരുടെ പുതിയ തലമുറയ്ക്കു് ഇന്നു് നിലവിലുള്ള ടെക്നിക്കുകളും ഉപകരണങ്ങളും മാത്രമല്ല വളരുന്നതു — മെഡിക്കൽ എൻജിനിയറിങ്ങുമെന്നുമാണു്.

രോഗനിർണ്ണയത്തിനു്

ശരീരത്തിന്റെ ഏതാണ്ടുള്ളിലെ നില അറിയണമെല്ലാ, ചികിത്സ കൃത്യമായി നടത്താൻ, ഇതിനും പല പുതിയ ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഉണ്ടാക്കിയിട്ടുണ്ടു്. ഈ ഉപകരണങ്ങൾ ഘടിപ്പിച്ചുവെച്ചാൽ മതി, ശരീരത്തിൽ ആകസ്മികമായി എന്തെങ്കിലും വന്നാൽ, ഈ ഉപകരണങ്ങൾ ഡിജിറ്റൽ സിഗ്നൽ വഴി, നേ

ഴ്സിനോ ഡോക്ടർക്കോ ശ്രദ്ധിക്കേണ്ട സന്ദർഭമായതു്.

ഇപ്പോൾത്തന്നെ ഹൃദ്രോഗത്തിലെവിടെയാണു് രോഗങ്ങൾ പിടിപെടുന്നതെന്നു് ഡോക്ടർമാർക്കു് ഇലക്ട്രോണിക്സിന്റെ സഹായത്തോടെ കണ്ടുപിടിക്കാൻ കഴിയുന്നുണ്ടു്. ഇതുപോലെ തന്നെ, മൂത്രാശയത്തിനുള്ളിലെ എന്തെങ്കിലും കോശങ്ങളുടെ വളർച്ചയും ഇത്തരം ഉപകരണങ്ങൾകൊണ്ടു് കണ്ടുപിടിക്കാൻ കഴിയുന്നുണ്ടു്. ഇതുപോലെ തന്നെ, മൂത്രാശയത്തിനുള്ളിലെ എന്തെങ്കിലും കോശങ്ങളുടെ വളർച്ചയും ഇത്തരം ഉപകരണങ്ങൾകൊണ്ടു് കണ്ടുപിടിക്കാൻ കഴിയുന്നുണ്ടു്.

പ്പു അകത്തേക്കു നടത്തി ലൈറ്റിട്ടാൽ ഒരു കുഞ്ഞുള്ളതു ഏതാണ്ടൊക്കെ കാണാൻ പറ്റിയവിധം, ഓരോ അവയവത്തിനും പറ്റിയ വിധം എൻഡോസ്കോപ്പുകൾ ഉണ്ടാക്കിയിട്ടുണ്ട്.

എക്സ്-റേ ഫോട്ടോകളും മറ്റും എടുക്കുമ്പോൾ, മാരകമായ കിരണങ്ങൾ രോഗിയുടെ ശരീരത്തിൽക്കൂടി കുറച്ചുനേരമെങ്കിലും പോകുമല്ലോ. ഇങ്ങനെ പല തവണ ഫോട്ടോ എടുക്കുമ്പോൾ അനവധി പ്രാവശ്യം കിരണങ്ങൾ ശരീരത്തിൽ പ്രവേശിക്കുന്നു. ഇതു നിയന്ത്രിക്കാനായി ഇലക്ട്രോൺ—ഓപ്റ്റിക്കൽ ഇമേജ് കൺവർട്ടറുകൾ എന്ന പുതിയ ഉപകരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇതു കിരണങ്ങളുടെ തീവ്രത കുറച്ചു പരമാവധി കഴിവുകുറയ്ക്കുവാൻ സഹായിക്കുന്നു. അതേ സമയം കിട്ടുന്ന ഫോട്ടോ ഒട്ടും തന്നെ മങ്ങലില്ലാത്തതായിരിക്കുകയും ചെയ്യും.

വലിപ്പം കുറയ്ക്കുന്നു

മെഡിക്കൽ എൻജിനീയറിങ്ങിന്റെ വളർച്ചയെ കാണിക്കുന്ന പുതിയ തരം ഉപകരണങ്ങൾ ദിവസംതോറും കൊണ്ടിരിക്കുകയാണ്.

മെഡിക്കൽ ഉപകരണങ്ങൾ വളരെ വലിപ്പം കൂടുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും ശ്രമങ്ങൾ തുടങ്ങിയിരിക്കുന്നു. ഒരു എക്സ്-റേ യൂനിറ്റു വേണമെങ്കിൽ, വളരെസ്ഥലം അതിനായി നീക്കിവയ്ക്കേണ്ടിവരുന്നു. മാത്രമല്ല, എക്സ്-റേ ഉപകരണം വഹിക്കുന്നതിനും അതിന്റെ വിലയും കൂടുതലല്ലോ. ഇവയുടെ വലിപ്പത്തിലുള്ള മെഡിക്കൽ എൻജിനീയറിങ്ങുപകരണങ്ങൾ പുറത്തിറക്കാനുള്ള ശ്രമത്തിൽ ഹംഗറിയിലെ ഗവേഷകരാണ് വലിയ വിജയം നേടിയിരിക്കുന്നത്. ആംബുലൻസ് വാനുകളിൽ എല്ലാ ഉപകരണങ്ങളും കയ്യോടെ കൊണ്ടുപോകാനുള്ള സൗകര്യമുണ്ടാക്കിയിട്ടുണ്ട്. ഒരു ആശുപത്രിയിലെത്തുന്നതിനു മുമ്പുതന്നെ രോഗിയുടെ ഹൃദയത്തിന്റെ പ്രവർത്തനം മുതലായവ പരിശോധിക്കാനുള്ള സൗകര്യം ഇതിലുണ്ട്. ഇതിനുള്ള ഉപകരണങ്ങൾ ഒരു സ്യൂട്ട്കേസിൽ ഒതുക്കിവയ്ക്കാൻ പറ്റിയതാണ്. ഇതിനുള്ള മിക്ക സാധനങ്ങളും ആംബുലൻസിലും വേണമെന്നർത്ഥം. ഹൃദയസ്പന്ദനം പരിശോധിക്കാനുള്ള ഇലക്ട്രോകാർഡിയോ സ്കോപ്പുകൾ ഏറ്റവും ചുരുങ്ങിയ വലിപ്പത്തിൽ ഇന്നു ധാരാളമായി ഉണ്ടാക്കുന്നുണ്ടല്ലോ. അതുപോലെ എല്ലാം ഉണ്ടാക്കാൻ കഴിയണം.

രക്തപരിശോധനയ്ക്ക്

ഇന്നു സാധാരണ ഇലക്ട്രോസ്കോപ്പുപയോഗിച്ചാണ് രക്തം പരിശോധിക്കുന്നതും രക്തത്തിലെ ഹേമോഗ്ലോബിൻറെ തോത് (ബ്ലഡ് കൗണ്ട്) നോക്കുന്നതും. ഇതു വളരെയേറെ സമയമെടുക്കുന്നു. ഇതു വേഗത്തിൽ ചെയ്യാൻ പറ്റിയ "ഇലക്ട്രോസ്കോയിൽ" ലേബർ സ്പെഷ്യലിസ്റ്റുകൾ ഉപകരണങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു. ലക്ഷക്കണക്കിനാളുകളുടെ രക്തപരിശോധന, ദിവസം തോറും നടത്തേണ്ടതുണ്ടല്ലോ.

ഒരു ഡോക്ടറുടെ ഫാൻഡ്ബാഗിൽ കൊള്ളാവുന്ന ചെറുതും പരിശോധനോപകരണങ്ങൾ പലതും ഇന്നു ബാക്കിവരികയാണ്. രോഗിയുടെ ശ്രവണശക്തി, ഉഷ്ണനില, രക്തസമ്മർദ്ദം, ശ്വാസോച്ഛ്വാസപ്രത്യേകതകൾ ഇ. സി. ജി. (electrocardiogram) ഇ. പി. ജി. (electroencephalogram) എന്നിവയെല്ലാം കണ്ണുകൊണ്ടു കാണാവുന്ന ഉപകരണങ്ങളാണിവ. ഒരു തെണ്ടിക്കുരു മുതൽ രക്തം പരിശോധിക്കാൻ പറ്റിയ രക്തം പരിശോധനവും ഡിസൈൻ ചെയ്തിട്ടുണ്ട്. കാർഡിയോമോണിറ്റർ ഉപകരണങ്ങളും ഉണ്ടാക്കാൻ സാങ്കേതികശാസ്ത്രജ്ഞന്മാർക്കു കഴിഞ്ഞിരിക്കുന്നു.

രോഗികൾക്കും ഡോക്ടർമാർക്കും പരമാവധി സൗകര്യം

ഇന്നത്തെ ഉപകരണങ്ങൾ ആവിഷ്കരിക്കുന്ന ഡിസൈനർമാർക്ക് ഒരു ലക്ഷ്യമുണ്ട്: "ഡോക്ടർമാർക്കും രോഗികൾക്കും പരമാവധി സൗകര്യം." കൃത്രിമ ശ്വാസോച്ഛ്വാസം, ഉപകരണങ്ങളുടെ ഓസ്സിലേഷൻ തുടങ്ങിയവയുള്ള കാര്യങ്ങൾ

(ശേഷം 54-ൽ)

"ആരുവിനെ എങ്ങനെയിരിയ്ക്കും എന്നറിയാൻ ശരിക്കും ആഗ്രഹമുണ്ട്. ശരിക്കുമറിയാൻ എന്നെ കുഞ്ഞാവിനെപ്പോലെ നഗ്നയാക്കണം. പക്ഷേ, കരയരുത്. നിനക്ക് ഏതാണ് വേണ്ടത്?"

കൗതുകത്തിന്റെ
"എന്നെ ഞാൻ"
1976 നവംബർ 21 ലക്കം
കലാകൗമുദിയിൽ തുടങ്ങുന്നു

കിഴക്കുകാത്തിരുന്ന മഴയുടെ ശേഷം ഉണർന്ന നിളയും പുഴവക്കിലെ കുന്നിൻചെരിവുകളും പിന്നെയും ഒരുപാടിഷ്ടമായിത്തുടങ്ങി. പുഴയിൽ പരാഗങ്ങൾ വന്നു നിറയണം. കായാകണം. മാനസ്സാധീശ്വരന്റെ ഗുഹകളിലെ കാഴ്ചവട്ടങ്ങൾ കൂടണം.

അങ്ങിനെയുള്ള ഒരിടത്തിരിപ്പിലാണ് ഇത്തിരിച്ചുണ്ടാടെ സഹപ്രവർത്തകയായി മനസ്സിലുറഞ്ഞുകൂടിയ പ്രേമം കൊണ്ടുകിടക്കുന്ന കെട്ടുകഥയെപ്പറ്റി ഞങ്ങൾ സംസാരിച്ചത്. അച്ഛന്റെ മകളായ അച്ഛന്റെ ചലനങ്ങൾ. പക്ഷേ, സഹപ്രവർത്തകരിൽ തങ്കിടയിലുണ്ടാകാറുള്ള പ്രതികരണമായിരുന്നില്ല അവളിൽ നിന്നുണ്ടായത്. അവൾ കൂടുതൽ ഉത്സാഹത്തോടെ കഥയിലേക്ക് ഇറങ്ങിവന്നു. പുഴയിൽനിന്നും കുന്നിൻചെരിവുകളിൽനിന്നും കണ്ണിമകളെടുക്കാതെ അവൾ കഥ കേട്ടു.

കഥ പറഞ്ഞുകഴിഞ്ഞപ്പോൾ, "പുതുമഴയുടെ നനവുള്ള" കൊഴിഞ്ഞു വീണ സർവ്വവും നഷ്ടപ്പെട്ടതിന്റെ ദുഃഖത്തിൽ തളർന്നിരിക്കുന്ന ഒരു പെൺകുട്ടിയുടെ ചിത്രമാണ് അവൾ വരച്ചത്. "ഇങ്ങനെയൊക്കെയാണോ നിങ്ങളുടെ കഥയിലുള്ളത്" എന്ന ശബ്ദത്തിൽ ആ ശ്രദ്ധ സംവദിക്കുകയും ചെയ്തു.

ഇത്തിരിച്ചുണ്ടാടെ ഉള്ളിലുള്ള പെൺകുട്ടിയുടെ നിറങ്ങൾ കൂടിയാണ് അവൾ വരച്ചിട്ടത്. അവളുടെ കണ്ണിൽ നീർ നിറഞ്ഞിരുന്നു. ഇനിയെവിടെയോ മറഞ്ഞുപോകുന്ന ഒരു നക്ഷത്രം ചലിച്ചിരുന്നു.

അവളുടെ കണ്ണിൽ നീർ നിറഞ്ഞിരുന്നു. ഇനിയെവിടെയോ മറഞ്ഞുപോകുന്ന ഒരു നക്ഷത്രം ചലിച്ചിരുന്നു.

"എന്റെ ചിലപ്പോൾ ഇവിടെനിന്നാൽ തീർന്നുപോവും. നാട്ടിൽപ്പോയി സമാധാനത്തോടെ നിക്കട്ടെ. പിന്നെ വളരെവേഗം ഞാൻ കൊണ്ടുപോകും."

അങ്ങിനെയുമായാവണ്ണം, നാട്ടിൽനിന്നും അകലവേ, അവൾ കണ്ണിറുമ്പോടെ നോക്കിനിന്നു. "വളരെവേഗം ഞാൻ കൊണ്ടുപോകും." ആ ശബ്ദം ഹൃദയത്തിൽ പ്രതിധ്വനിക്കവേ, അതിനടയിലെ ദിവസങ്ങൾ കൊഴിഞ്ഞുവീണു.

ചിത്രം പറഞ്ഞ കഥ

ഡി. രഞ്ജിനി പ്രഭാവതി

അതിരാവിലെകളിൽ കൂടിച്ചേർന്ന പുഞ്ചിരികളും, നെയ്‌വിളക്കുകളും കഴിഞ്ഞുപോയ കാത്തിരിപ്പിന്റെ തപസ്സിന്റെ ഉടയോനെ... അസ്തമയംവരെ. തന്റെ പ്രാർത്ഥനയാലാവാം അയാൾ തെന്നി.

ഓരോരോ വിണ്ണനേരങ്ങളും കിനാവിന്റെ തുരുത്തുകളിലേക്കവേ, അവളുടെ കാഴ്ചകൾക്കും തണ്ടിലിരുന്നു.

ഉർവ്വശിയോ കുതിരകളുടെ പിടച്ചിലുന്ന ശിരസ്സുപിടഞ്ഞുനിശ്ചേതനമായ തീരുന്ന ശരീരം, അവളുടെ തളർന്നുവീണു.

"അയ്യോ! എന്റെ കാണ്ടാ..!" പിടയുന്ന ഹൃദയം കൈതലംകൊണ്ടമർത്തിപ്പിടിച്ചുവിളിച്ചു.

ഇല്ലാ, അങ്ങനെയാണും. നടക്കില്ല. ചൈതന്യപ്രവാഹിനിയായ ദേവി അവളുടെ ശ്വാസങ്ങൾ പകർന്നു.

"പോകിക്കാനൊന്നുമില്ല. ചെറിയൊരു പ്രൊപ്പോഷൻവേണമെന്നുമാത്രം." അടുത്തെത്തിച്ചികിത്സിക്കുന്ന വിദഗ്ദ്ധനായ ഡോക്ടറുടെ അഭിപ്രായം.

ഇവിടെ വെളിച്ചമുണ്ട്, ഉണ്ട്. കനത്ത ഇരുളിനെമായ്ച്ചു വലിച്ചുപുതച്ചുകൊണ്ടുവരുന്ന ദിനങ്ങളിൽക്കിടന്നു ഞെരിഞ്ഞമരുമ്പോൾ അവൾപിറുപിറുത്തു.

ഉൾക്കണ്ണുനിറഞ്ഞദിനങ്ങൾക്കുനടുവിൽ കൊച്ചുപ്രാണനോടെ വീണുപൂർണ്ണവിരാമം. അവിടെ ചൈതന്യപ്രവാഹിനിയായ കാവിലമ്മയുടെ കണ്ണുകളുഞ്ഞിനന്ദ. ദേവദൂതശാസ്ത്രജ്ഞർക്കുനടുവിൽനിന്നാണ്ടോക്ടറുടെ വാക്കുകൾ പറന്നുപോയിരുന്നു.

അകലേ—യകലെ—കരുവണ്ടി നീങ്ങിയകലുന്നു. "ഞാൻ വളരെവേഗം കൊണ്ടുപോകും."

ആ കരിഞ്ഞവസന്തങ്ങളുടെ ശ്മശാനത്തിൽ അവൾ കഴുഞ്ഞുവീണു. ഇരുളിന്റെയഗാധഗർത്തങ്ങളിലേയ്ക്ക് താണുതാണുപോകവേ, തളർന്നുവീണുകിടന്നിടത്തുനിന്നുമെഴുന്നേറ്റു.

കഥ

നാദ സംഗീതസാമ്രാജ്യം വാണിരുന്ന ഒരു ചിലന്തിയിൽ, മധുരിമയിൽ, തരളിതയായി, പുളകിതയായി.

പ്രശാന്തമായൊഴുകുന്ന നദിയിൽ വേലിയേറ്റം. അധരം ചുവന്നു, കൺകൾ നനഞ്ഞു, പതറിച്ചുയോടൊത്തെ തെളിച്ചം കവിളുകളിൽ കളംവെച്ചു.

"ഇതാണ്" അവന്റെ ഫോട്ടോ" അച്ഛൻ അമ്മയുടെകയ്യിൽകൊടുത്ത ആ ഫോട്ടോ അവളുടെകയ്യിലെത്തി.

മുൻമെഞ്ഞിൽ പ്രത്യക്ഷപ്പെട്ടാത്ത രൂപം. ഹൃദയത്തിലേയ്ക്കു നീണ്ടെത്തുന്ന ആ കണ്ണുകൾ. കണ്ണുകളിൽ കവിതകവിക്കുന്ന കണ്ണുകൾ. മധുരമയം! ഹോ! അസഹ്യമായ മധുരം. വാസനപുഷ്പങ്ങൾകൊണ്ടു മൂടുകൾസഹിക്കാത്തു, ഹൃദയം വിതുമ്പി. പ്രകാശനാളങ്ങളേ! ഒഴുകിവരൂ! ഈ ആവരണം വലിച്ചുമാറ്റൂ!

മിഞ്ഞിനിന്ന നിലാവുകളുടെ വിടപറയ്കുകൾ. ഏകാന്തതകളിലൂടെ ഓടിയണയുകൾ. ഏകാന്തതകളിലൂടെ ഓടിയണഞ്ഞ പ്രവാചകൻ പറഞ്ഞ രഹസ്യം— അതുകൾ വേണ്ടെന്നുപാളികൾക്കുകളിൽ ഓരോരോ ചങ്ങലകളടിഞ്ഞുകൂട്ടും; അതു കാറ്റിലുയരും; കുമിർബിനുക്കളായിപ്പൊഴിയും. അതുകണ്ടു മയിലുകളാടും, മണ്ണിന്റെ കരൾ താളമടിക്കും; മരങ്ങൾ പാട്ടും. സ്വപ്നമയം! പുത്തലയുന്ന സങ്കല്പങ്ങൾ സ്വപ്നങ്ങളായ്, സങ്കല്പങ്ങളായ്, അവർ കാത്തിരുന്നു. എപ്പോൾ — എപ്പോൾ—

പ്രതീക്ഷാനിർഭരമായ ദിനങ്ങൾ. കണ്ണടച്ചു ധ്യാനനിമഗ്നയായിരുന്നു. വിഗ്രഹം ചൈതന്യവത്തായി. സ്നേഹിയ്ക്കാൻ, സ്നേഹിയ്ക്കപ്പെടാനും തുടിച്ചുനിന്നു. ഹൃദയം രോമാഞ്ചംകൊണ്ടു മൂടിപ്പുതച്ചു.

"ചീലയ്ക്കുമല്ലേ" അവളുടെകയ്യിൽ മീൻ വാങ്ങാൻ മറന്നുനിന്ന മനസ്സിലൊരായി ആ മഴവില്ലുകൾ തെളിയുന്നു. കറുത്തുനീണ്ട കണ്ണെഴുതിയ കാറ്റിന്റെ കരങ്ങളിൽ കുളിരുള്ളകുണുക്കുകളായിരുന്നു; അവ പ്രണയിനിയുടെ മുഖത്തുള്ള മുടിയിഴകൾ.

സ്വപ്നങ്ങൾ യഥാർത്ഥ്യമാവുന്നു. പുന്നെൽക്കുലകളിൽ തുഷാരവും പേനുകയ്യ സുഗന്ധം.

"എന്റെ മീര എത്ര സുന്ദരിയാണ്" എന്നു പകൽമന്നന്റെ പേര്. കൈപൂർ യായാളം കാതിൽ വിളിച്ചപ്പോൾ, അവളുടെ സപർശത്തിലേയ്ക്കുള്ള കോണിപ്പടികൾ കയറി. ജീവിതത്തിലെ മനോഹരമായൊരു നിമിഷം! ശ്രീകൃഷ്ണനോ രുഷ്മിണിയോ, നളനോ ദമയന്തിയോടുപമിയ്ക്കാൻ തനിയ്ക്കു പോലുമോ. അവൾക്കതോന്നി.

നിർവൃതിചൊരിഞ്ഞ ദിവസങ്ങൾ.

"ചീലയോടു നാനൊരു വലിയ തെറ്റുചെയ്തു" അവളുടുകേട്ട ഞെട്ടി. എന്തു?" ഭർത്താവിന്റെ മുഖത്തുനിന്നും പൊലിഞ്ഞുപോയ പ്രകാശം കണ്ടവൾ തളർന്നുനിന്നു. ചുറ്റിപ്പിടിക്കുന്ന സംശയങ്ങളെ വിഴുങ്ങിക്കളഞ്ഞു" അവിടെയൊരഗ്നി നിലയുറപ്പിച്ചു—

വർഷങ്ങളായി അദ്ദേഹത്തിന്റെ മനസ്സിനെ "കുത്തി ബാധിച്ചിരിക്കുന്ന കഠിനമായ രോഗം.

അപ്പോഴവളുടെ കാർമേഘങ്ങളിലേയ്ക്കു തീയാളിവീണു.

അസഹ്യമായ തലവേദനയെന്നുപറഞ്ഞ് അബോധാവസ്ഥയിൽ വീണുപോയ രണ്ടു സന്ദർഭങ്ങൾ.

അവിടെ ഇന്ദ്രജാലയെഴുകിയിരുന്ന മറ്റു ഗോപാശ്രൃനികളിൽ തട്ടിത്തകർന്നുപോയി, കളിക്കാറ്റിലുയർന്നുനിലുന്ന വസന്തം തീപിടിച്ചാലയേറ്റു വാങ്ങി.

ജ്വാല. അതിശക്തമായ വേഗതയോടെ കന്നോകുമിച്ച ജ്വാല.

ആ തീനാമ്പുകളവളിലേയ്ക്കടുത്തു. അസഹ്യമായ വേദനയാലവൾ പിടഞ്ഞെണീറ്റു. ആശ്വാസഗതിയ്ക്കായി മുറുകി.

"ചീലേ— ചീലേ— "അവളാ വിളികേട്ട മുന്നിൽനിലുന്നവരുടെ മുഖങ്ങൾ മിഴികൾ തുറന്നു. ഇമയ്ക്കാൻ മറന്ന മിഴികൾ.

പൊടുന്നനെയാ മുഖത്തു സന്തോഷം ഊർക്കോടിപ്പുകയറി.

മുന്നിൽ പച്ചരയ്ക്കു നിലുന്ന രാജേട്ടൻ!

എന്റെ രാജേട്ടാ— ! എന്റെ രാജേ— " അപ്പോൾ ഇരുളിന്റെ ശക്തമായ കൈകളവളെ പിന്നോക്കു വലിച്ചു. നൂറുങ്ങുകൾ വീണ്ടും എറിഞ്ഞുകൊണ്ടാ ശബ്ദം വീണ്ടും കാറ്റായിക്കൊണ്ടു "എന്റെ രാജേട്ടാ— രാജേ—

—6—

യാത്ര സുഖമായിരുന്നോ?— എത്രമണിക്കു കഴിഞ്ഞു" ബോംബെയിൽനിന്നു" എത്തുന്നതായി നിശ്ചയിച്ചിരുന്ന കൊച്ചുഗോവിന്ദനോട്ട" സർ ചാള്ളു ചോദിച്ചു.

കൺഗ്രാജുലേഷൻസ്". ചാള്ളുമാമേ— മരുമകൻ പറഞ്ഞു.

ഇംഗ്ലീഷിലസ്സ്" പറഞ്ഞാൽ അടിക്കും ഞാൻ—വലിയ നായർ പറഞ്ഞു— ചോദിച്ചതിനു സമാധാനം പറ.

സുഖമായി.

ശിവശങ്കരനു" കപ്പലിൽ ഇരിക്കാൻ സ്ഥലം കിട്ടിയില്ലേ?— ലേഡീസ്സാറ്റ" ചോദിച്ചു.

ചെമ്പരത്തി ചെമ്പരത്തി!

കിടക്കാനുള്ള സ്ഥലമുണ്ടു"—കൊച്ചുഗോവിന്ദൻ പറഞ്ഞു—ചാള്ളുമാമയുടെ പുതിയ പദവി പ്രമാണിച്ചു" സ്റ്റേറ്റു" റൂമിലാണു" അവർ ചെക്കനെ പിടിച്ചിട്ടിരിക്കുന്നതു".

കപ്പൽ ഇളകിയിട്ടല്ലേ നീ വന്നതു"?

സംഘകാലകൃതികളിൽ പറയുന്നമാതിരി മലഞ്ചെരിവിലെന്നപോലെ കപ്പൽച്ചുമരുവാളത്തിൽ തുങ്ങിയശേഷമാണു" മുറ്റവും വീട്ടതു".

പിതാമഹൻ II 31

ഇനി നിനക്കു" ഇന്ത്യപോലെ ഹണിമൂണാവാമല്ലോ—സർ ചാള്ളു പറഞ്ഞതു.

ഒരുമാതിരിയും— നിലയിലുമായിട്ടു"; അല്ലേ?

അതു നിന്നു ചന്നോ തുമ്പോ— മരുമകൻ ചോദിച്ചു.

"ഉമ്പർ"ങ്ങനു" ഉമ്പർ"ന്നു" പറയുമോ?

മാമേ."

ഈ ബ്രഹ്മചര്യത്തിനിടയ്ക്കു" വായിക്കുന്നതു കണ്ടുതുടങ്ങുമ്പോൾ സർ ചാള്ളു ചോദിച്ചു?

എന്താണോ നാണു?

ചാവോളം ഞാനിവിടെ തന്നെ—രുക്മിണൻ പറഞ്ഞു—കൊച്ചിയിലോ വിദേശത്തേക്കോ പോകുന്നില്ല. ഇനി"എന്നു കാണാൻപറ്റുമോ?

ഉടനെ സർചാള്ളുതെ വാക്കാൽവിളംബം പ്രസിദ്ധപ്പെടുത്തി.

പുഴക്കര തറവാട്ടിൽ—സർചാള്ളുനായരായ നമുക്കു" അധിനമായ കൃഷി, വ്യവസായം, കാള്ള"- ബസ്സു" എന്നിവകളിൽ വാരിക്കുന്നൻ നാണുനായർ എന്ന നാണുവിനെ തൊഴിലാളികളുടെ മേസ്തിരിയായി കണ്ടുയുനെന്നോണം ഇതിനാൽ നാം നിയമിച്ചിരിക്കുന്നു. മേസ്തിരിയുടെ ശമ്പളത്തിനു പുറമെ, സ്ഥിരമായു" അവനും ഊണുമിയും അവനു" വേറേയും അവകാശപ്പെടാവുന്നതുമാകുന്നു.

പോരേ നാണു?

പംഗുപാദനായി വാരിക്കുന്നൻ വിട്ടും ചുറ്റി.

സന്തോഷമായി.

എന്നാൽ വൈത്ത!—സർ ചാള്ളു പ്രഖ്യാപിച്ചു—മൽഹിയിലേയ്ക്കു കമ്പായടിക്കുയാത്രയ്ക്കു" തിവണ്ടിയിൽ ഒരുതുകുസ്സുണ്ടെ. ബത്ത അഡ്വാൻസായും വേണം. നമ്മുടെ സുഖവാസത്തിനു" യോഗ്യമായ ഒരു രുമ്യഹർമ്മ്യവും അവിടെ തയ്യാറായിരിക്കണം. നാലു ദിവസം-ഓബ"റോയ" ഇന്ദ്രൻ കോണ്ടിനെന്റലിൽ ക്രമസിദ്ധാനം—ന്നും വയ്യ. ലണ്ടനല്ല മൽഹി—മനസ്സി-

വി. കെ. എൻ

ലായോ?

മനസ്സിലായി.

രുപ്പു" മനസ്സിലായി.

മുമ്പു പറഞ്ഞ വണ്ടിക്ക.

രേഷ്". എന്നാൽ അതിനുമു" ഇവിടെ തിരുവെക്കൽകയും ചെയ്ക്കു" യെസ്", സർ.

ഉടൻ യാത്രയുടെ സുനിശ്ചിതതീരുമാനങ്ങൾ യഥാർത്ഥ മാളികയുടെ നിലവറയിൽ തിരുവെ

കൂടിയ ജനത്തെ നോക്കി സർ ചാള്സ് പറഞ്ഞു:

"നിങ്ങളോടു മാത്രമായി നാമിനി സംസാരിക്കാൻ പാടില്ലാത്തതാകുന്നു. കാരണം നാമിപ്പോൾ ഇന്ത്യയിലെ എല്ലാ നാട്ടുരാജ്യങ്ങളിലെ നിരക്ഷരകുക്ഷികളുടേയും പ്രതിനിധിയാകുന്നു. അതുകൊണ്ടു് പക്ഷപാതം കാണിച്ചു പോകരുതു്. ദർഹറിയിൽ എത്തിയ ശേഷം മുപ്പതിനുള്ളിൽ ജനത്തോടുമായി നാം പ്രക്ഷേപണം ചെയ്യുന്നതാകുന്നു. അതു ശ്രദ്ധിച്ചു, അതിനനുസൃതം ഇപ്പോൾ പിരിഞ്ഞു പോകയും ചെയ്ക."

വിണ്ടു പോയ ജനം നാനാദിശയും ലാക്കാക്കി കരഞ്ഞു.

അഞ്ചരമണിക്കു് മദിരാശിക്കു പോകേണ്ടിയിരുന്ന മെയിൽ വണ്ടി ഉച്ച തിരിഞ്ഞു് നാലു മണിയ്ക്കുതന്നെ ലെക്കിടിസ്റ്റേഷനിലെത്തി മൂന്നാം മുട്ടം വിളിച്ചു ഊതി. ശകടത്തിനുള്ളിൽ മദിരാശി ഗവർണ്ണരുടെ പ്രത്യേക-സലൂൺ കമനീയമായി അലങ്കരിച്ചിട്ടിരുന്നു. അതിനകത്തു് ബാർബർമാരുണ്ടായിരുന്നു.

തെന്നിന്ത്യൻ റെയിൽവേ കമ്പനിയുടെ ജനറൽ മാനേജരായിരുന്ന — എഞ്ചിൻ ഡ്രൈവർ, ഡ്രൈപ്പുട്ടി ജനറൽ മാനേജർ ഫയർമാൻ, കമ്മേഴ്സ്യൽ സൂപ്രണ്ടു് ചീഫ് ഗാർഡ്, ട്രാഫിക് സൂപ്രണ്ടു് റിലേഷൻസ് ആഫീസർ — ഒരുമിച്ചു ഗാർഡ്, ഡിവിഷനൽ സൂപ്രണ്ടു് സലൂൺ കണ്ടക്ടർ.

എല്ലാവരോടും യാത്ര പറഞ്ഞു് സർ ചാള്സും ലേഡിഷാറ്റും ദേവയാനിയും ഭൈരവിയും ഭൃത്യനാഥും സലൂണിൽ കയറി.

വണ്ടി ഇളകാൻ തുടങ്ങിയപ്പോൾ സർ ചാള്സ് സ്വസ്ഥമായി ഇരുന്നു എന്നു വിളിച്ചു.

ആർച്ചുടെ മുൻസോപ്പറും.

"ഇങ്ങള് പോയ് ഭൈരവിൻ ചാള്സ് താത്ത."

വണ്ടി വേഗത്തിലായപ്പോൾ കോവെണ്ണൂർ ജില്ലാ കലക്ടർ മാലയും ഫലങ്ങളുമായി വന്നു് സർ ചാള്സിനു സമർപ്പിച്ചു.

അതിനു കഴിഞ്ഞപ്പോഴേക്കും വിവിധ ജില്ലകളിലും താലൂക്കുകളിലും സ്ഥിതിചെയ്യുന്ന കണ്ടൻ സർ പറയുന്ന കാര്യം താൻ പിന്നെ ആരേയും കണ്ടെന്നുതന്നെയല്ല കണ്ടവരെയൊക്കെ താക്കീതുചെയ്തു വിട്ടു. വണ്ടിനേരെ വിടാൻ പറഞ്ഞു.

ട്രാഫിക്കിയപ്പോൾ പെരിച്ചോറണ്ടു് കിന്നെഞ്ഞി.

മദിരാശി സെൻട്രൽ സ്റ്റേഷൻ പ്ലാറ്റ്ഫോറത്തിൽ ഉണ്ണന്നൂറിറ സർക്കാരുദ്യോഗസ്ഥന്മാരും സംഘത്തേയും-മദിരാശി ഗവർണ്ണരേയും സർ കഞ്ഞിരാമനും ചേർന്നു് സ്വീകരിച്ചു.

ഗിണ്ടിയിലെ ഗവർമ്മെന്റു് ഹൌസിലേയ്ക്കു് തന്നെ ക്ഷണിച്ചു. ഗവർണ്ണരോടു് രാത്രി ഡിന്നറിനു കാണാമെന്നു് സർ ചാള്സ് നല്ല വാക്കു പറഞ്ഞു. സർ കഞ്ഞിരാമനുമുണ്ടാവും സായ്പ് സമ്മതിച്ചു. ഡിന്നറിനു് സർ കഞ്ഞിരാമനൊന്നിച്ചു് കിൽപാക്കിലുള്ള അദ്ദേഹത്തിന്റെ വസതിയിലെയ്ക്കു് മോട്ടോർ വാഹനങ്ങളിൽ കയറി സംഘം യാത്രതിരിച്ചു.

നിത്യകർമ്മങ്ങളും ശേഷക്രിയാദികളും കഴിച്ചശേഷം ലേഡി കഞ്ഞിരാമനും ലേഡിഷാറ്റും ദേവയാനിയും ഒക്തതുതിലും, സർ കഞ്ഞിരാമനും സർ ചാള്സുവും പുറത്തു് പന്തലിലും ഇരുന്നു. ഓരോ-വിശേഷങ്ങൾ പറഞ്ഞുതുടങ്ങി.

ദേവയാനിയെ സംരക്ഷണത്തിൽനിന്നു മുഴുവാക്കാൻവേണ്ടി ലേഡി കഞ്ഞിരാമൻ ഒരു സൂത്രം പ്രയോഗിച്ചു.

ഇവൾ ദർഹറിയ്ക്കു് വരണോ? രാമകൃഷ്ണൻ ബിലാത്തിയിൽനിന്നു തിരിച്ചു വരുന്നതുവരെ ഇവിടെ വന്നാൽപോരേ? ഒരു വിരോധവുമില്ല — ലേഡിഷാറ്റ് പറഞ്ഞു.

ലജ്ജാവതിയായ ദേവയാനി അകത്തു് കലവറമുറിയിൽ പോയി. ഒളിച്ചുനിന്നു.

അവൾ കേൾക്കേണ്ടുന്ന കാര്യമാണു് ഞാൻ സൂത്രം പ്രയോഗിച്ചതു് ലേഡി കഞ്ഞിരാമൻ പറഞ്ഞു.

എന്താണു് വിശേഷമെന്നായി ലേഡിഷാറ്റും.

ലേഡി കഞ്ഞിരാമൻ ചോദിച്ചു.

അശുദ്ധിയാണെന്നു് തെറ്റിദ്ധരിക്കരുതു് ലേഡിഷാറ്റു് മാസ്യന്ത ചക്രം നിന്നോ?

മനസ്സിലായില്ല.

ഇപ്പോൾ കളിക്കാനില്ലു്.

ലേഡിഷാറ്റ് ചിരിച്ചു.

ഇപ്പോൾ മനസ്സിലായി. സത്യം പറയാമല്ലോ. അദ്ദേഹം കൊച്ചു രാജ്യം വിറ്റശേഷം പിന്നെ കുറേകാലത്തേയ്ക്കു് ഞാൻ കളിച്ചില്ല. സന്തോഷിക്കയും ചെയ്തു. അപ്പക്കിൽ നിന്നുമാലയും കഴിച്ചു.

എന്നിട്ടു്?

ഇപ്പോൾ ദർഹറിയിൽ പണികിട്ടിയപ്പോൾ ഇതു വീണ്ടും ചക്രം ഉരുണ്ടുതുടങ്ങി. നോക്കണേ, ഒരു സ്വസ്തശ്ലോകം!

നേരോ? ഇതുതന്നെയാണല്ലോ എന്നേയും ഞെട്ടിച്ചതു്.

എന്തു്?

ഇപ്പോൾ സത്യം! അദ്ദേഹം ജഡ്ജിപദം വിട്ടപ്പോൾ ചക്രം നിന്നു. പിന്നെ ദർഹറിയിൽ പണികിട്ടിയപ്പോൾ വീണ്ടും കാലുത്തുടങ്ങി. ഇപ്പോൾ സ്വസ്ഥമായപ്പോൾ ചക്രവും വിശ്രമിക്കുന്നു.

വിശ്വസിച്ചുകൂടാ. ഇതു് ഭൈരവിയുടെ കരിക്കുറിപ്പുണ്ടായി. ചികിത്സിച്ചപ്പോൾ അതു പോവുകയും ചെയ്തു.

ഭാഗ്യം!

ഇതുമുതലാണെന്നു് ചോദിച്ചുപോൾ പുറത്തു് പന്തലിലിരുന്നു് സർ ചാള്സ് പറഞ്ഞതു് — നാട്ടുരാജ്യങ്ങൾക്കുവേണ്ടി ഒന്നല്ലും കുറഞ്ഞുണ്ടു്, വക്കീലുകളുടെ സായ്പൻമാരുടെ മുമ്പിൽ കയറുകയും ചെയ്തിട്ടില്ല.

ഭൂനവധി വക്കീലുകളും മുമ്പിലും വാദിച്ചു് വഹിക്കേണ്ടിവന്നു — സർ കെ പറഞ്ഞു.

കഞ്ഞിരാമനെ എനിക്കു കിട്ടുകയുണ്ടായി?

അമ്പതാറ്.

ശിവശിവ! അപ്പോൾ നാനൂറു കിട്ടിയിട്ടുണ്ടു്?

ഉച്ചാണം തിരെ ഉത്സാഹമായ വക്കീലാണെന്നു പറയണം.

ഉദാഹരണത്തിനു്?

ജസ്റ്റിസ് ഓഫ് പീസിനെ ആൻഡ്രൂ മാക്കുമായിരുന്നു.

ശരി രണ്ടുകാര്യങ്ങളുള്ള എന്നെ പൊലുസുകാരനെ എന്തെങ്കിലുമാണു്?

നാലു് പ്രധാനകാര്യങ്ങൾ പറയാം. സർ കഞ്ഞിരാമൻ പറഞ്ഞു — ഒന്നിനും വാക്കിരക്കാരു.

അയാം ആർ ഇയേഴ്സ് — സർ ചാള്സ്.

(ഞാനപ്പീൽ ചെവിയാണു്)

സർ കെ ഉടനെ.

ഇംഗ്ലീഷുകാരും-തൊണ്ടിയുണ്ടാക്കുകയാണെന്നു നമ്മിനാവും. ഒരുമുഴുവൻ ഭൂസ്വത്തിലുള്ള കിട്ടിയതൊന്നും. ചിലപ്പോൾ കാലിയായ നാട്ടുരാജാക്കന്മാരെ തുടർന്നിരുത്തുകയും ചെയ്യും.

(തുടരും)

നിരൂപ്

സാഹിത്യ
വിമർശന
വാരിക

എല്ലാ ഞായറാഴ്ചയും പ്രസിദ്ധീകരിക്കുന്നു

ആകർഷകമായ കവർചിത്രം, നിർമ്മാണത്തിലിരിക്കുന്ന സിനിമകളെക്കുറിച്ചുള്ള സൂചനാലേഖനങ്ങൾ, സിനിമയ്ക്കകത്തും പുറത്തുമുള്ള സൂപ്പർതാരങ്ങളുടെ ഗോസിപ്പുകൾ, ജീവിതസംഭവങ്ങൾ, കഥകൾ, കവിതകൾ, നോവൽ, സിനിമാ സംബന്ധിയായ കത്തുകൾ, ചിത്രങ്ങൾ, ഇല്ലിക്കാവിലാസങ്ങൾ, സൂപ്പർഹിറ്റായ വിമർശനങ്ങൾ... ... ...

വാർഷിക വരിസംഖ്യ 40 രൂപ മാത്രം

കൂടുതൽ അന്വേഷണങ്ങൾക്ക്

മാനേജിംഗ് സൂപ്രണ്ടന്റ്

കേരളത്തിലെങ്ങും പുറത്തും പുതിയ ഏജന്റുമാരെ ആവശ്യമുണ്ട്

വ്യവസ്ഥകൾക്ക്: എഴുതുക

സർക്കുലേഷൻ മാനേജർ,

നിരൂപ് വാരിക

തിരുവനന്തപുരം-1

അച്ഛൻ മദ്ധ്യാഹ്നമായിരുന്നു.

തിളച്ചുമറിയുന്ന കടലിൽ കണ്ണുകൾ നട്ടുനടപ്പേർ തിരമണലിലിരുന്നു കഥ പറയാനാരംഭിക്കുകയായിരുന്നു. തിപിടിച്ചിരുന്ന പേരായിരുന്നു അവർ.

അവർ സംശയിച്ചു: ആരെ തുടങ്ങും കഥ പറയണം? ഈ മദ്ധ്യാഹ്നത്തിനു് ഒരുപോലെ സാമ്യമുള്ളൊരാളെങ്കിൽ നാം കഥ പറഞ്ഞു തുടങ്ങേണ്ടതിലിരിക്കുന്നു. കത്തിയെരിയുന്ന സൂര്യൻ നമ്മുടെ കഥ കേൾക്കണം. ആരാദ്യം കഥ പറയും?... കഥ പറയുമ്പോൾ നാം ഒരേ കാര്യം പ്രത്യേകമാർക്കണം—നാമിരിക്കുന്ന ഈ കടൽത്തീരം നമുക്കു മുമ്പേ കഥകൾ കേട്ടിരിക്കുമിടമുണ്ടു്.

മദ്ധ്യാഹ്നത്തിന്റെ കഥ

കാൾ പറഞ്ഞു—

വളരെ ശരിയാണതു്. ഞാൻ പറയേണ്ടുന്ന കഥ സംവേദിച്ചിട്ടിടം നാമിരിക്കുന്ന ഈ താഴ്വാരംതന്നെയാണു്.

രണ്ടാമൻ ചിന്തിച്ചു—

കടൽത്തീരത്തെ താഴ്വാരമെന്ന പേരുപയോഗിച്ചാൽ കടലിനെ മലയെന്നു വിളിക്കേണ്ടി വരും. അങ്ങനെയാകുമ്പോൾ കടലെന്ന പേരു് എന്നാവും. അങ്ങനെയാകുമ്പോൾ...

നാം കടൽ മാറിക്കളയാം.

—മൂന്നാമൻ ആവേശത്തോടെ പറഞ്ഞു.

നന്നായിരുന്നു! കടൽ മലയാവുകയും മല കടലാവുകയും കടൽത്തീരം താഴ്വാരമാകുകയുമെന്നു മലയിലും തോണിയിൽ സങ്കല്പിക്കാൻ സാധിച്ചു—

രണ്ടാമത്തെയാൾക്കു് ആവേശം ശ്വസിക്കാൻ വിറയലായി മാറി. അയാൾ പറഞ്ഞു—

എനിക്കെല്ലാം നന്നായിരുന്നു. എനിക്കതിന്റെ മകനാകാൻ സാധിക്കുക, മറ്റെന്നു ഞാനാകാൻ സാധിക്കുക, താഴ്വാരമല്ലെന്നു—മലയാണെന്നു കഥ പറയാൻ സാധിക്കുക—ദൈവമേ! എത്രയിലെല്ലാം നന്നായിരുന്നു.

രണ്ടുപേർ ചോദിച്ചു—

മലയെന്നാൽ കടലെന്ന അർത്ഥത്തിലല്ലെ സംസാരിച്ചതു്? അയാൾ തുടർന്നു മലയെന്നാൽ കടലെന്നല്ല, കടലെന്നാൽ മലയെന്നാണർത്ഥം.

മൂന്നാമനും പൊട്ടിച്ചിരിച്ചു.

കാറ്റ് അവരുടെ പൊട്ടിച്ചിരി മാറ്റിവാങ്ങി. ചിരിയുടെ അവസാനത്തിമാലകൾ കണ്ണാടിച്ചുഴലികൾ പോലെ അല്പമൊന്നിളകി. മൂന്നുപേരും തങ്ങൾക്കു പുറകിലേക്കു നോക്കി—

മൊട്ടയുടെ പുറകിൽ കടൽ.

മൊട്ടയുടെ പുറകിൽ ദൂരെ അതിന്റെ വൃദ്ധതയെ മാറ്റുന്ന ആകാശത്തിനെതിരെ മലിച്ചിരുന്നതുപോലെ ഏതോ ഒരു തല.

മൂന്നാമത്തെയാളുടെ പുറകിൽ, കടലും കടലിനെ ദ്രവിയും കൂടി വരുന്നതുപോലെ തോന്നിയവർ. അയാൾ ആഹ്ലാദത്തോടെ വിറച്ചു: എന്റെ പുറകിൽ കടലും ദ്രവിയും കൂടി സമ്മേളിക്കുന്നു! ഇടതു മാറിലുള്ള കടൽ, വലതു മാറിലുള്ള ദ്രവി: രണ്ടിൽ നിങ്ങൾ രണ്ടുപേരും: എനിക്കു് സന്തോഷം തോന്നുന്നു. നോക്കൂ—എന്റെ രോമകൂപങ്ങൾ പൂക്കൾ വിടർത്തുന്നു!

നീ ഏറെ സന്തോഷവാനാണല്ലോ?

കഥ

സുകൃ

ഞാൻ, ഞാൻ ആഹ്ലാദിക്കുന്നു എന്നിക്കു് വേണ്ടി അനേകകോടി വർഷങ്ങളായി നിലനിന്നിരുന്ന വേർപെടൽ ഇന്നിവിടെ അവസാനിച്ചിരിക്കുന്നു. ഞാനും കടലും ഒന്നായിരിക്കുന്നു. കാറ്റേ, നീ കടലിന്റെ സന്ദേശമാണു്. അതിന്റെ പിറുപിറുക്കലാണു്. കടലിനും മുമ്പുണ്ടായിരുന്നു, ഇന്നുമുണ്ടു്, ഇനിയും കടലുകൾക്കുമപ്പുറത്തു നിന്റെ വേരുകളുണ്ടു്.

നെല്ലിലും, യൂഫറേറ്റീസിലും, സിന്ധുഗംഗാനദികളിലും കാലവർഷം നിന്റെ വേരുകളെ ഒഴുക്കിക്കളഞ്ഞു. എത്രയെത്ര കാലവർഷമൊഴുകിയ മണ്ണാണിതെന്ന് നിനക്കോർമ്മയുണ്ടോ?

അതാണെനിക്കും പറയുവാനുള്ളത്. ഞങ്ങടെ എന്റെ വേരുകൾ കല്ലിലും, മണ്ണിലുമായി ചിതറിക്കിടക്കുന്നു. ഈ പ്രപഞ്ചം എന്റെ വേരുകൾ നിർമ്മിച്ചിരിക്കുന്ന ചിന്തിവലയുള്ളിലാണ്.

രണ്ടുപേർ തുണ്ട്! നീ എത്ര അരിമാനിയാണ്. നിറുപ്പുപ്പാക്കൊരാനയുണ്ടായിരുന്നാവുന്ന സിദ്ധാന്തകാരൻ. നിന്നിൽ ഞങ്ങൾക്കു സൂയയുണ്ട്. നിന്നോടുള്ള ഞങ്ങളുടെ വികാരത്തെമാനിച്ച് നീ തന്നെ കഥ പറഞ്ഞു ഉടങ്ങേണ്ടിയിരിക്കുന്നു. ഋതുകാലമുള്ള നിന്റെ കഥകൾ എത്ര നന്നായിരിക്കുമെന്നു തോന്നുന്നു. നിനക്കു കഥ പറയാം—അവർ തിരുമാനിച്ചു.

ഞാൻ പറഞ്ഞു—

നിനക്ക് കഥയാരുമിസ്സിയും.

കഥ പറയാൻ കല്പിക്കപ്പെട്ടയാൾ പറയേണ്ടുന്ന കഥയെക്കുറിച്ചോർത്തപ്പോൾ ഉച്ചച്ചൂട് ഉഗ്രഭാവത്തോടെ അയാളെ നോക്കി. പെട്ടെന്നു തിരുമാനിച്ചുപോലെ അയാൾ പറഞ്ഞു: മദ്ധ്യഹനങ്ങളുടെ കഥകൾ തന്നെയാണ് എന്റെ വിഷ്ണപ്പെട്ടിനാരയെ. ഉച്ചകളിൽ ഞാനനുഭവിച്ചുതീർത്ത കഥകൾ. പ്രാരാബ്ധങ്ങളിൽ മുഴുകിച്ചു കിന്നേരങ്ങാരുടെ തന്നെ എന്റെ പതിവു്. സായംനങ്ങളിലും സന്ധ്യകളിലും ആശ്ലേഷങ്ങൾ തേടിച്ചെന്ന് ഭാരോത്തരോളം പേരുകൾ ചോദിച്ചു് അതുരുപ്പടി നടക്കുകയായ് തന്ന എന്റെ വിനോദം. പ്രതീക്ഷാരഹിതനായി അടുത്ത പ്രഭാതത്തിലേക്കു തപ്പിത്തിരിഞ്ഞ നാത്തികൾ. എന്തു പറയുന്നു സുഹൃത്തുക്കളെ മദ്ധ്യഹ്നത്തിന്റെ കഥ തന്നെ പറയട്ടെ?

രണ്ടുപേർ മദ്ധ്യഹ്നത്തിനോടു പരസ്പരം വഞ്ചിച്ചു. അവർ ആലോചിച്ചു: സൂര്യൻ കടലിലാണോ—ആകാശത്താണോ—എന്ന വ്യത്തമല്ലാത്ത ഈ മദ്ധ്യഹ്നത്തിൽ ഞങ്ങളുടെ തന്നെ കഥ കേൾക്കാൻ എത്ര രസമായിരിക്കും. അവർ പറഞ്ഞു—

മദ്ധ്യഹ്നത്തിനു സ്വന്തം കഥയുണ്ടെന്നു ഞങ്ങളാദ്യമറിയുന്നു. മൈലാടും കുന്നുകളുടെ കഥകളും, പാതിരാവിന്റെയും പകൽവെളിച്ചത്തിന്റെയും സമനയകഥകളും അവസാനമായി കേറ്റ കഥയില്ലായ്മകളും പറഞ്ഞിട്ടുള്ളവരായതുകൊണ്ട് മറ്റൊരാൾ കഥ കേൾക്കാൻ കൂടുതകുന്നു: ഞങ്ങളേറെ ഇഷ്ടമായുള്ളതല്ലെങ്കിൽ നിന്റെ കഥ ഞങ്ങൾക്കിഷ്ടപ്പെടും.

കഥ പറയേണ്ടുന്നയാൾ തയ്യാറായിക്കഴിഞ്ഞിരുന്നു. അയാൾ പറഞ്ഞു—

വിനോദകഥകളുടെയാവണം കഥകൾ ജനിക്കേണ്ടത്. സംഘർഷങ്ങളിൽ അവർതന്നെ നിർമ്മിച്ച കഥകൾ സ്വന്തം ഹൃത്തിൽനിന്നാണ് കഥകൾ ഉത്തരിച്ചുവന്നത്. ഇടയ്ക്കൊന്നു പറഞ്ഞോട്ടെ, ഞാൻ ചരിത്രകാരനല്ല. (ചരിത്രം നിർമ്മിക്കുന്നവനുകാം.) പിന്നെ പ്രളയം വന്നു. പ്രളയങ്ങൾ തുടരെ വന്നു. മേലാപ്പുകൾ കാലമായപ്പോഴേക്കും ശിരസ്സുകളുടെ പന്നെ പ്രകൃതിയുടെ തല്പത്തിൽ വായനക്കാരെ വ്യാമോഹിപ്പിച്ചുറക്കുകയായിരുന്നു പ്രലോഭിതകഥകൾ ചെയ്തിരുന്നത്. പിന്നീടു സമനയ കഥകളുടെ വരവായി. ഉരുണ്ടിക്കെന്നവരെ വെൺചാമരംകൊണ്ടു തട്ടിയുണർത്തുക; ഉണർന്നവരോടു് രണ്ടു വീർപ്പുകളുടെ, ദുഃഖത്തിന്റെ ശാശ്വതികവീർപ്പുകളുടെ, കഥ പറയുക. ഭാവിയിലേക്കു് ചോദ്യരൂപകഥകളുടെയവസാനം കുമിളകൾ കിനേ വായനക്കാരുടെ ചുണ്ടുകളിൽ

ന്റെ പ്രസിദ്ധപ്പെടുത്താത്ത ഏതെങ്കിലും ലേഖനമോ വായിച്ചു കൊണ്ടിരിക്കുന്ന നിനക്കെ ഞാനിരിക്കുന്നതായി എല്ലാം സ്വപ്നങ്ങളിലും പ്രഭാതങ്ങളിലും ഞാൻ മാവനയിൽ കാണാറുണ്ട്.

ആളുകൾ "യാത്രാചോദികൾ" എന്നു വിശേഷിപ്പിക്കാറുള്ള മരണത്തെപ്പറ്റി ചിന്തിച്ചപ്പോഴൊക്കെ ആ ചിന്തയിൽ നിന്ന് എനിക്ക് ആനന്ദം ലഭിക്കുന്നതെന്തുകൊണ്ടാണെന്ന് അതിനുവേണ്ടി എന്റെ ഹൃദയം കൊതിക്കുന്നതെന്തുകൊണ്ടാണെന്ന് നീ ആലോചിക്കുന്നുണ്ടോ? പക്ഷേ, അത്തരം സന്ദർഭങ്ങളിൽ ഉടൻ ഞാൻ എന്നിലേക്കുതന്നെ മടങ്ങുന്നതിനു മുമ്പ് ഒരു ചോദ്യം ചോദിച്ചുപോവുന്നതിനു മുമ്പ് ഒരു വാക്ക്, എനിക്കു പറയാനുണ്ടെന്ന കാര്യം ഞാനോർത്തിരുന്നു. അപ്പോഴായിരുന്നു സ്ത്രീ എന്ന അത്ഭുതജീവിയെപ്പറ്റി ഞാൻ ചിന്തിച്ചുതുടങ്ങിയത്.

സ്ത്രീ എന്ന അത്ഭുതജീവിയെപ്പറ്റി ഞാൻ ചിന്തിച്ചുതുടങ്ങിയപ്പോൾ എന്റെ മനസ്സിൽ ഒരു ചിത്രം തെളിഞ്ഞുവന്നു. ഒരു കുഞ്ഞിന്റെ ചിത്രം. ഒരു പിഞ്ചുകുഞ്ഞിന്റെ ചിത്രം. ഒരു പിഞ്ചുകുഞ്ഞിന്റെ ചിത്രം എന്റെ മനസ്സിൽ തെളിഞ്ഞുവന്നപ്പോൾ ഞാൻ ഓർത്തു: ഈ കുഞ്ഞിന്റെ ഭാവി എന്തായിരിക്കും? ഈ കുഞ്ഞിന്റെ ഭാവി എന്തായിരിക്കുമെന്ന് ഈ കുഞ്ഞിന്റെ അമ്മയ്ക്കറിയാമോ? ഈ കുഞ്ഞിന്റെ അമ്മയ്ക്കറിയാമോ ഈ കുഞ്ഞിന്റെ ഭാവി എന്തായിരിക്കുമെന്ന്

നിന്നുപോയ നാൽപത്തെട്ടാം വയസ്സിൽ ജിബ്രാൻ മരിച്ചു—പറയേണ്ടതു പറയാൻ കഴിഞ്ഞില്ല എന്ന നിരാശതയോടെ. മരണത്തിനു് ഏകദേശം രണ്ടുവർഷം മുമ്പു് മെയ്ക്കു് എഴുതിയ ഈ കത്തിൽ അദ്ദേഹത്തിന്റെ അസ്വസ്ഥതയും അതുപറയുന്നു. ഹൃദയവേദനയുമെല്ലാം പ്രതിഫലിച്ചുകാണാം.

പ്രിയപ്പെട്ട മെയ്,

1930

വേനൽക്കാലാരംഭത്തിലേതിനേക്കാൾ മോശമാണു് എന്റെ ആരോഗ്യനില. കടലിനും കരക്കുമിടയിൽ ഞാൻ കഴിച്ചുകൂട്ടിയ നിങ്ങളോടൊപ്പമുള്ള ദിവസങ്ങൾ എന്റെ ശരീരത്തിനും മനഃശ്ചൈതന്യത്തിനുമിടയിലെ ദൂരം വർദ്ധിപ്പിച്ചിരിക്കുന്നു. മനസ്സിൽ തുടിച്ചുനിൽക്കുന്ന ഈ വിചിത്രഹൃദയം ഇപ്പോൾ ഉന്മഥതയിലേക്കു പ്രാപിച്ചുകൊണ്ടിരിക്കയാണു്. എന്റെ ആരോഗ്യം തകർക്കുകയും സ്വാസ്ഥ്യം നശിപ്പിക്കുകയും ചെയ്തശേഷം അതു സാധാരണനിലയിലേക്കു മടങ്ങിക്കൊണ്ടിരിക്കുന്നു. ഈ രണ്ടിടത്തിൽ വിശ്രമം എനിക്കു ഇണങ്കുന്നതേ: പക്ഷേ, വൈദ്യന്റെ മരുന്നു് വിളമ്പുന്നു എന്നു പോലെയാണു് എന്റെ ദിനത്തിനു്: വൈദ്യന്റെ ഭ്രാന്തു് അയാൾ നൽകുന്ന മരുന്നുകളെ എനിക്കു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അവർ—ഉപദേശിക്കുന്നതു പോലെയുള്ള വിശ്രമമോ നിശ്ശൂന്യതയോ എനിക്കു ഗുണം ചെയ്യില്ല. എനിക്കാവശ്യമായിത്തീർന്നിരിക്കുന്നതു് എന്റെ പുസ്തകങ്ങൾ ലഘൂകരിച്ചു് എനിക്കു് ആശ്വാസം പകരുന്നതാൻ കഴിവുള്ള—ഒരാളെയാണു്. ഒരു ഒരു തീയൗഷധം—അതാണെനിക്കാവശ്യം—എന്റെ ചൈതന്യത്തിന്റെ മാറാലകൾ നീക്കുവാൻ കഴിവുള്ള ഒരു കൈ. എന്റെ പഴങ്ങളും പത്രങ്ങളും പൊഴിച്ചുകളയാൻ കഴിവുള്ള ഒരു ശിശിരന്റെ കാറ്റു്.

മെയ്, വായിക്കുന്നുകിടക്കുന്ന ഒരു ചെറിയ അഗ്നിപർവ്വതമാണു് ഞാൻ. മഹത്തും സുന്ദരവുമായ എന്തെങ്കിലും എഴുതാൻ കഴിഞ്ഞാൽ എനിക്കു പരിപൂർണ്ണസുഖം കിട്ടും. ഒന്നുറക്കെ കരയാൻ സാധിച്ചാൽ ഞാൻ പൂർവസ്ഥിതി പ്രാപിക്കും. എഴുതിയാൽ എല്ലാം സുഖപ്പെട്ടുമെങ്കിൽ എന്താണെഴുതാത്തതു്? ഉറക്കെ കരഞ്ഞാൽ എല്ലാം പൂർവസ്ഥിതിയിലാവുമെങ്കിൽ എന്താണു് കരയാത്തതു്? നിനക്കു ചോദിക്കാം എനിക്കറിയാം. എന്റെ ഉത്തരം ഇതാണു്: എനിക്കു കരഞ്ഞുവിളിക്കാനാവില്ല. അതുതന്നെയാണു് എന്റെ രോഗവും. ഇതു് ആത്മാവിന്റെ ദീനമാണു്. ലക്ഷണങ്ങളാണു് ശരീരത്തിൽ കാണുന്നതു്. എന്താണു് നിങ്ങളുദ്ദേശിക്കുന്നതു ചികിത്സ? എന്തായിരിക്കും അതിന്റെ ഫലം? ഈ ദയനീയാവസ്ഥയിൽത്തന്നെ എത്രകാലം ഇങ്ങനെയാണു് നിങ്ങളുടെ ജീവനം? എന്നൊക്കെ നീ വീണ്ടും ചോദിച്ചുകൊണ്ടിരിക്കാം; ഞാൻ പറയട്ടെ; എന്റെ ദിനം സുഖപ്പെട്ടാൽ, ഞാനെന്റെ ശാന്തമാലപിക്കും. പിന്നെ വിശ്രമിക്കും; എന്റെ നിശ്ശബ്ദതയുടെ അന്തരാളങ്ങളിൽ നിന്നാരംഭിക്കുന്ന ഉച്ചസ്വരത്തിൽ—ഞാൻ കരയും. മൈ വത്തെ വിചാരിച്ചു്, "നിങ്ങൾ ഒരുപാടു പാടിക്കഴിഞ്ഞു; നിങ്ങൾ പാടിക്കഴിഞ്ഞതെല്ലാം മധുരമാണു്." എന്നു് എന്നോടു പറയാതിരിക്കാൻ ദയവുണ്ടാവണം! എന്റെ കഴിഞ്ഞകാല പ്രവൃത്തനങ്ങൾ ദയവുചെയ്തു് എന്നെ ഓർമ്മപ്പെടുത്തരുതു്. അവയുടെ ഓർമ്മപോലും എനിക്കു പീഡയാണു്. അവയുടെ നിസ്സാരത എന്റെ ചോരയിൽ സ്പുലിംഗങ്ങളയയ്ക്കും. അവയുടെ ശ്രേഷ്ഠത എന്റെ ഏകയായ ദുഃഖോത്സുകമാക്കും, ദുർബലത്വം ദിവസത്തിൽ ഒരായിരം തവണ എന്നെ അസ്വസ്ഥനാക്കും. ഈ കഥകളും ലേഖനങ്ങളുമൊക്കെ ഞാൻ എന്തിനെഴുതി? ഒരെഴുത്തുപുസ്തകത്തിനുവേണ്ടിയാണു് ഞാൻ ജനിച്ചതും ജീവിക്കുന്നതും—ഒരൊറ്റ കൊച്ചു പുസ്തകം മാത്രം. ജീവിക്കാൻ യത്നം കൊണ്ടുമാത്രം ജീവൻ ഉടയ്ക്കുന്നു; ചിരകാലം വിടയ്ക്കുന്ന ഒരെഴുത്തു വാക്കുപറയാൻവേണ്ടിയാണു് എന്റെ ജനനം. ജീവിതം എന്റെ കുണ്ടുകളിലൂടെ ഞെളിഞ്ഞിരിക്കുന്നതുവരെ എനിക്കു നിശ്ശബ്ദനായിരിക്കാൻ വയ്യ; അർത്ഥമില്ലാതെ അതുമിടം ജല്പിച്ചു എനിക്കു് അത്രച്ചുരുക്കവുമുള്ള കഴിവില്ലായ്മയുണ്ടു. എന്റെ അർത്ഥശൂന്യമായ വിലപ്പുകൾ എന്റെ ശക്തിദുഴുവൻ ചോർത്തിക്കളയുന്നതുവരെ ഞാൻ ഒരു കീലുകാംപെളിയായി ജീവിച്ചു. എത്ര ദിവസങ്ങൾ, എത്ര ലക്ഷങ്ങൾ, പിന്നെ എന്റെ വാക്കിന്റെ ആദ്യത്തെ അക്ഷരം ഉച്ചരിക്കാൻ കഴിവുണ്ടായിത്തീരുന്നതിനുമുമ്പു വാക്കിനെക്കുറിച്ചു കല്ലുപോലെ ഞാൻ മൗനിയായിരുന്നു. എന്നാലും എന്റെ വാക്കു് എന്റെ ഹൃദയത്തിൽത്തന്നെയുണ്ടു്. ജീവൻ ഇരിക്കുന്ന, ചിറകുവിടുന്നതുവരെ വാക്കു്. അതിന്റെ ഏകസ്വരയാത്ര—എന്റെ ചിലുക്കൽ സ്വയം പുച്ഛിച്ചുപറഞ്ഞുകൊണ്ടു് ഴുകിക്കളയാൻ ഞാനുദ്ദേശിക്കുന്നതുവരെ.

(അവസാനിച്ചു)

വായിച്ചിരിക്കേണ്ട പുസ്തകങ്ങൾ

1. ദാമ്പത്യജീവിതശാസ്ത്രം വില രൂ. 1–50. 2. സന്താനനിയന്ത്രണം (ഫാമിലിപ്ലാനിംഗ്) വില രൂ. 1–50. 3. രഹസ്യലൈംഗികരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും വില രൂ. 1–50. 4. സമർപ്പണമാല (വല്ലച്ചിറ മാധവൻ എഴുതിയ നോവൽ) വില രൂ. 2–50.

പുസ്തകങ്ങൾ V. P. ആയി അയച്ചുകൊടുക്കുന്നതാണു്. തപാൽ ചിലവു് രൂ. 2 വസൂലാക്കും. കൂടുതൽ വിവരങ്ങളടങ്ങിയ കാറ്റലോഗ് ആവശ്യമുള്ളവർ 50പൈസാ സ്റ്റാമ്പു് അയയ്ക്കുണം.

DAB AGENCIES
Kodimatha. Kottayam,
KERALA.

* ഈ കത്തെഴുതുന്ന കാലത്തു് മെയ് താമസിക്കുന്നതു് ഈജിപ്തിലാണു്. ജിബ്രാൻ അതേരിയയിലും.

* ജിബ്രാന്റെ പ്രേമസാക്ഷാത്കാരവേണ്ടി അവസാനം വരെ ജിബ്രാൻ കൊതിച്ചിരുന്ന.

* ന്യൂയോർക്കിൽ പന്ത്രണ്ടാം വയസ്സിൽ ആദ്യമായി കണ്ടുമുട്ടിയ ജിബ്രാന്റെ മരണംവരെ അവിഭേദ്യയായി ജീവിച്ചു.

* ഈ ആത്മഭാഗം സൂക്ഷ്മമായി കരിക്കാതെയാണു് ഇതിനു മുമ്പു് ഇതു പ്രസിദ്ധീകരിച്ചതു്.

പ്രിയപ്പെട്ട മൈ,

"മദർ ഇതാണു്—അറിഞ്ഞിട്ടില്ല. വീട്ടിൽ തിരിച്ചെത്തിയോ എന്നറിയാതെ എഴുത്തയയ്ക്കാനും നിവൃത്തിയില്ല—"

ജനനൻ തൊട്ടടുത്തു നിന്നതേയുള്ളു. അവളുടെ മുഖത്തേക്കു് നോക്കാൻപോലും അശക്തനായി തോന്നി.

"ജനനനോടു് ഞാൻ എല്ലാം തുറന്നു പറയുകയാണു്. മദർ—ഇന്നും ഇതും, നാളെ വരുമെന്നുള്ള പ്രതീക്ഷയിൽ ദിവസങ്ങൾ തള്ളി നീക്കുകയായിരുന്നു. പലതുമേയും അർത്ഥംവെച്ചുള്ള നോട്ടങ്ങൾ സഹിച്ചു. രണ്ടു് ദിവസങ്ങൾക്കു് മുൻപു് വാർഡൻ പതിവില്ലാത്ത മുറിയിൽ വന്നൊന്ന അന്വേഷണം. അവർ സംശയിച്ചു് ഇടങ്ങിയിട്ടുണ്ടു്. തിരിച്ചു. ആ നോട്ടം

കണ്ടാലറിയാം. പിന്നെ ഇന്നലെ വാർഡിൽവെച്ചു് പ്രഫസറുടെ ഭാര്യ. ആർയു മാരീഡു് എന്നു്. ഇടയ്ക്കിടെയും. അതിൽനിന്നു അതുവെച്ചു് ചിരിപ്പുകാണും. ഞാൻ—ഞാൻ ഉഴറിപ്പോയി. എന്തൊന്നുമുണ്ടായിരുന്നു പ്രഫസർ അങ്ങനെ ചോദിച്ചതു്. കഴിഞ്ഞതവണത്തെ വരവിൽ വാർഡിലെ പണി പൂർത്തിയാക്കാതെ ക്ലാസിനു ഹോസ്റ്റലിൽ പോയതുകൊണ്ടായിരുന്നു എന്നു് എനിക്കറിഞ്ഞുകൂടാ. ഇന്നു് വൈകുന്നേരം കേട്ട സന്തോഷം കൂടിയായപ്പോൾ—അവർ കിടപ്പുമുറിയിലേക്കു്, ഇന്നത്തെ സന്ദർശനത്തിനുള്ള ശക്തി സംഭരിക്കാനുള്ള

നപോലെ കറച്ചു്. നേരം പുലർന്നു.

“ഞാൻ കളിച്ചുകൊണ്ടു് നിൽക്കുമ്പോൾ പുറത്തെ വരാന്തയിലെ സംസാരമൊണ്ടു്, പരീക്ഷയിൽ ഫസ്റ്റ് റാങ്ക് നേടിയതു് എനിനെ എന്നാണറിഞ്ഞു? മാനം വിൽക്കാൻ തയ്യാറുണ്ടെങ്കിൽ അങ്ങിനെ പലതും നേടാം— മറ്റൊരാൾ! എങ്കായാലും കറച്ചു് കഴിയുമ്പോൾ എല്ലാം പുറത്തായികൊള്ളും. കൂടെ കൊണ്ടുനടന്നിരുന്ന ആ വിദ്യാനെ കാണാനും ഇല്ലല്ലോ? ഓഹ്— ഇതുനിചമായ അപവാദം. എനിക്കു് ശ്വാസം മുട്ടുപോലെയായിരുന്നു. ആ അന്തരീക്ഷത്തിൽ നിന്നു് പുറത്തു് ചാടണമെന്നേ ഉണ്ടായിരുന്നുള്ളു. ഇല്ല അനന്തൻ— മദൻ വരാതെ ഇനി ഹോസ്റ്റലിലേക്കു് ഞാനില്ല. എല്ലാവരുടെയും പരിഹാസപാത്രമായി— —” തികച്ചും പരിതാപത്തോടെയാണു് അവൾ പറഞ്ഞു നിർത്തിയതു്.

എല്ലാം വിശദമായി കേട്ടിട്ടും അവയാഥാർത്ഥ്യങ്ങളാണെന്നു് വിശ്വസിക്കാൻ അനന്തന്റെ മനസ്സു് മുറവിളി കൂട്ടി. നിന്നതെയുള്ളു. ഒരേ ഒരു ലക്ഷ്യം മാത്രമാണു് മനസ്സിൽ തികട്ടി വന്നതു്. രാത്രി വളരെ വൈകിയുള്ള നേരത്തു് ശ്രീദേവി തന്റെ മുറിയിൽ! എന്തൊരു ബുദ്ധിശൂന്യതയാണു് കാട്ടിയതു്. അതിന്റെ ഭവിഷ്യത്തിനെക്കുറിച്ചു് ചിന്തിച്ചപ്പോൾ പെട്ടെന്നു് പറഞ്ഞുപോയതും അതുമനക്കുറിച്ചാണു്.

എനിക്കു് ഉടനെ ഫോൺചെയ്യണമെന്നുണ്ടെങ്കിൽ ഞാൻ മുപ്പുറത്തെ അവിടെ എത്തുമായിരുന്നല്ലോ— “ഹോസ്റ്റലിൽ ക്ലിനും ഈ അസമയത്തു് ഇവിടെ വന്നതു് ബുദ്ധിമോശമായിപ്പോയി.”

